MY LORD, MY GOD

# Bulletin

DIOCESE OF IRINJALAKUDA

OCTOBER 2016

Vol.: 3 Issue : 10

P.B. No. 59, Irinjalakuda - 680121
Phone : 2826830, 2826820
Website : www.irinjalakudadiocese.com
E-mail : ijkbph@gmail.com

## ഉള്ളടക്കം


| | | |
|---|---|---|
| 1 | ഇടയശബ്ദം | 06 |
| 2 | സർക്കുലർ | 08 |
| 3 | കച്ചേരിക്കാര്യങ്ങൾ | 12 |
| 4 | ലോകമിഷൻ ഞായർ | 14 |
| 5 | സർക്കുലർ | 19 |
| 6 | സഭാവാർത്തകൾ | 24 |
| 7 | ബ്ലസ് എ ഹോം | 26 |
| 8 | പാസ്റ്ററൽ കൗൺസിൽ | 27 |
| 9 | ബി.എൽ.എം. | 30 |
| 10 | മതബോധനം | 31 |
| 11 | ബൈബിൾ അപ്പസ്തോലേറ്റ് | 32 |
| 12 | സെന്റ് പോൾസ് മൈനർ സെമിനാരി | 33 |
| 13 | സെന്റ് ജെയിംസ് ഹോസ്പിറ്റൽ | 34 |
| 14 | മാതൃസംഘം | 36 |
| 15 | നവചൈതന്യ | 37 |
| 16 | സാൻജോസദൻ | 38 |
| 17 | കെ.സി.എസ്.എൽ. | 39 |
| 18 | സോഷ്യൽ ആക്ഷൻ | 40 |
| 19 | ഫ്രാൻസിസ്കൻ അസ്സോസിയേഷൻ | 42 |
| 20 | അവാർഡ് | 43 |
| 21 | ചെന്നൈ മിഷൻ | 45 |
| 22 | പാക്സ് | 46 |
| 23 | സ്പിരിച്ചാലിറ്റി സെന്റർ | 47 |
| 24 | കെ.എൽ.എം. | 48 |
| 25 | ഇടയന്റെ നാളെകൾ | 48 |
| 26 | കരിസ്മാറ്റിക് മൂവ്മെന്റ് | 49 |
| 27 | ഇടയന്റെ ഇന്നലെകൾ | 50 |

# ഇടയശബ്ദം



അദൃശ്യമായ ചില കണ്ണികളാൽ ഈ പ്രപഞ്ചത്തിലെ സകലതും വിശുദ്ധിയിലും സ്നേഹത്തിലും പരസ്പരാദരവിലും ഒരു കുടുംബം പോലെയാണെന്ന് ഫ്രാൻസിസ് പാപ്പ 'അങ്ങേയ്ക്ക് സ്തുതി' എന്ന ചാക്രിക ലേഖനത്തിലൂടെ ലോകത്തെ പഠിപ്പിക്കുന്നു. ക്രൈസ്തവർക്ക് സൃഷ്ടിയോടും പ്രകൃതിയോടുമുള്ള ഉത്തരവാദിത്വം അവരുടെ വിശ്വാസത്തിന്റെ ഭാഗമാണെന്ന് വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ വ്യക്തമാക്കുന്നു.

ആധുനിക കാലഘട്ടത്തിലെ ചില വെല്ലുവിളികൾ ഈ പ്രപഞ്ചത്തെ ക്രൈസ്തവ ചൈതന്യത്തോടെ സംരക്ഷിക്കുന്നതിന് വിഘാതമായി നിൽക്കുന്നുണ്ട്. ആധുനികതയുടെ സവിശേഷതയായ അമിതമായ മനുഷ്യകേന്ദ്രീകൃത വളർച്ചയും പുരോഗതിയും 'ഉപയോഗിച്ചശേഷം വലിച്ചെറിയുന്ന' രീതിയിലേക്കും സംസ്കാരത്തിലേക്കും ലോകത്തെ മാറ്റിയിരിക്കുന്നു. ജീവന്റെ നിലനിൽപ്പിനാവശ്യമായ പ്രകൃതി സ്വത്തുക്കളായ വായുവും വെള്ളവും മണ്ണും മലിനമാക്കി വിവേചനരഹിതമായി ചൂഷണം ചെയ്യുമ്പോൾ ഒ.എൻ.വി 'ഭൂമിക്കൊരു ചരമഗീത'ത്തിൽ വിലപിക്കുന്നതുപോലെ "ഇനിയും മരിക്കാത്ത ഭൂമി, നിന്നാസന്ന മൃതിയിൽ, നിനക്കാത്മശാന്തി"യെന്ന് നാം ആവർത്തിക്കേണ്ടി വരും. ഭൂമി മനുഷ്യനുമാത്രം ആവകാശപ്പെട്ടതാണെന്നും ഉപഭോഗത്തിനാണ് പ്രപഞ്ചവസ്തുക്കളെന്നും മലിനമാക്കുന്നതിൽ തെറ്റില്ലെന്നുമുള്ള മാനുഷിക ചിന്തകളാണ് പ്രകൃതിയെ വികൃതമാക്കുന്നത്.

വ്യവസായവൽക്കരണത്തിന്റെ ഭാഗമായുള്ള മാലിന്യങ്ങൾ, കീടനാശിനികളുടെ ഉപയോഗം, പ്ലാസ്റ്റിക് പദാർത്ഥങ്ങളുടെ ക്രമീകൃതമല്ലാത്ത പുറന്തള്ളൽ, രാസമാലിന്യങ്ങൾ, റിസൈക്ലിങ്ങിന് വിധേയമാകാത്ത ഉല്പന്നങ്ങൾ, മനുഷ്യൻ പുറന്തള്ളുന്ന വിവിധങ്ങളായ അവശിഷ്ടങ്ങൾ... എന്നിങ്ങനെ ആവാസവ്യവസ്ഥയുടെ സന്തുലിതാവസ്ഥ തകർക്കുന്ന പ്രതിസന്ധികൾ നിരവധിയാണ്. ശുദ്ധവായു സ്വപ്നമാകുന്ന, ശുദ്ധജലത്തിന് വില നൽകേണ്ടിവരുന്ന, മണ്ണ് ഫലം തരാൻ മടിക്കുന്ന കാലം അരികിലെത്തിയിരിക്കുകയാണ്. ജീവന്റെ ശ്വാസം

സ്വീകരിച്ച് ജീവനുള്ളവനായി തീർന്ന (ഉൽപത്തി 2:7) മനുഷ്യൻ ജീവ വായുവിനെ മലിനമാക്കുന്ന പ്രക്രിയയിലൂടെ ദൈവത്തെ വെല്ലുവിളിക്കുകയാണ്. ജലോർജസ്രോതസുകളെ മലിനമാക്കിയും പുഴ, കടൽ, കിണർ എന്നിവയെ മാലിന്യ കൂമ്പാരമാക്കിയും ജലവിതാനമൊരുക്കി പ്രപഞ്ചത്തിൽ ഊർജ്ജം നിറച്ച (ഉൽപത്തി 1: 6-7) ദൈവിക പദ്ധതിയെ മനുഷ്യൻ വിസ്മരിക്കുകയാണ്. ജീവൻ മുളയെടുക്കേണ്ട മണ്ണിനെ മഹത്വമറിയാതെ മലിനപ്പെടുത്തുന്നതിലൂടെ ക്രൈസ്തവ ഉത്തരവാദിത്തമായ ഭൂമി നിറഞ്ഞ് അവയെ പരിപാലിക്കുവിൻ എന്ന ദൈവകൽപനയെ മനുഷ്യൻ ധിക്കരിക്കുകയാണ്.

ഇന്ന് ലോകത്തെ വലയം ചെയ്തിരിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന ഇത്തരത്തിലുള്ള ആത്മവിനാശത്തിന്റെ വലയിൽ നിന്നും രക്ഷനേടാൻ ഒരാഗോള വീക്ഷണം നമ്മെ സഹായിക്കും (അങ്ങേയ്ക്ക് സ്തുതി 163). ഫ്രാൻസീസ് പാപ്പ കൂട്ടിച്ചേർക്കുന്ന 15 ഉം 16 ഉം കാരുണ്യ പ്രവൃത്തികൾ ഇത്തരുണത്തിൽ ലോകത്തിന് വെളിപാടായി മാറേണ്ടതാണ്. 'നമ്മുടെ പൊതുഭവനത്തോടുള്ള കരുതൽ, ദൈവത്തിന്റെ ലോകത്തെക്കുറിച്ചുള്ള കൃതജ്ഞാഭരിതമായ ധ്യാനം' എന്നിവയാണ് പുതിയ കാരുണ്യപ്രവൃത്തികളായി പാപ്പ പ്രഖ്യാപിക്കുന്നത്. ഒരു പൊതു ഭവനത്തിലെ അംഗങ്ങളെന്ന നിലയിൽ പ്രകൃതിയോടുള്ള പ്രതിബദ്ധത പ്രപഞ്ചത്തോടുള്ള ഉത്തരവാദിത്വം പ്രകൃതി വിഭവങ്ങളോടുള്ള ബഹുമാനം എന്നിവ ഓരോ ക്രൈസ്തവനും ജീവികാരുണ്യ പ്രവൃത്തികളോട് ചേർത്ത് പാലിക്കേണ്ടവയാണ്. പ്രായോഗികമായ തലത്തിൽ പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്യാതെ പരിസ്ഥിതിക്ക് കോട്ടം വരുത്തുന്ന വികസന പ്രവർത്തനങ്ങളിൽ ഏർപ്പെടാതെ കാർബൺഡൈ ഓക്സൈഡ്, പ്ലാസ്റ്റിക്, കീടനാശിനി തുടങ്ങി മലിനീകരണ പദാർത്ഥങ്ങളെ നിയന്ത്രിച്ച്, ഫോസിൽ ഇന്ധനങ്ങളുടെ ഉപഭോഗം കുറച്ച് ഒരു സന്തുലിത പ്രകൃതിയെ പുനർജീവിപ്പിക്കുന്നതിൽ നാം മുൻപന്തിയിൽ നിൽക്കണം. വായു ശുദ്ധമാണ്, ജലം നിർമ്മലമാകണം, മണ്ണ് ഫലഭൂയിഷ്ടമാകണം: അതിനാദ്യമെ മനസ് തീരുമാനമെടുക്കണം: ഞാൻ കാരണം എന്റെ ഭൂമി മലിനപ്പെടില്ലെന്നും, വരും തലമുറകൾക്ക് അഭയമേകേണ്ട പ്രപഞ്ചത്തിൽ കരുതൽ നിക്ഷേപങ്ങൾ ഒരുക്കി വയ്ക്കാൻ ഞാൻ ബദ്ധശ്രദ്ധനാകുമെന്നും. സൃഷ്ടാവായ ദൈവത്തിങ്കലേക്ക് സകല സൃഷ്ടികളോടുമൊപ്പം പ്രപഞ്ചത്തെ നയിക്കുന്ന രക്ഷാകര പദ്ധതിയിൽ അങ്ങനെ നമുക്കും പങ്കുകാരാകാം. ജപമാല മാസമായി കൊണ്ടാടുന്ന ഈ ഒക്ടോബറിൽ പരിശുദ്ധ അമ്മ നമ്മെ സഹായിക്കട്ടെ.

+ Pauly Kannookadan

ഇരിങ്ങാലക്കുട **മാർ പോളി കണ്ണൂക്കാടൻ**
27. 09. 2016 ഇരിങ്ങാലക്കുട രൂപത മെത്രാൻ

1352/16
24.09.2016

# സർക്കുലർ

*ദൈവകൃപയാലും പരി. സിംഹാസനത്തിൻ അനുഗ്രഹത്താലും ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ, രൂപതയിലെ ബഹു. വികാരിയച്ചന്മാർക്കും മറ്റു വൈദികർക്കും സന്യാസിനീ സന്യാസികൾക്കും വിശ്വാസികൾക്കും ആശിർവ്വാദം.*

**സ്നേഹ ബഹു. അച്ചന്മാരേ, സന്യസ്തരേ, ദൈവജനമേ,**

മാർ തോമാശ്ലീഹായുടെ ആഗതമാകുന്ന ഭാരത പ്രവേശന തിരുനാളിന്റെ ആശംസകൾ പ്രാർത്ഥനാപൂർവ്വം നേരുന്നു. ശ്ലീഹാ പകർന്ന് നൽകിയ വിശ്വാസചൈതന്യം ദീപ്തമാക്കുവാൻ ലഭിക്കുന്ന സുവർണ്ണാവസരമായി ഈ ശുഭവേളയെ നമുക്ക് പരിഗണിക്കാം. തിരുനാളിനോടനുബന്ധിച്ച് എല്ലാ വർഷവും നടത്താറുള്ള **കൊടുങ്ങല്ലൂർ മാർതോമാതീർത്ഥാടനം ഈ വർഷം നവംബർ 20 ഞായറാഴ്ച** നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സസന്തോഷം അറിയിക്കുന്നു. ആഗോളസഭയിൽ 2016 നവംബർ 20 കാരുണ്യവർഷാചരണത്തിന്റെ സമാപനമാണല്ലോ. സമൂഹത്തിലെ പാർശ്വവല്ക്കരിക്കപ്പെട്ടവരോട് കാരുണ്യപൂർവ്വം പെരുമാറാനും കാരുണ്യശുശ്രൂഷ ചെയ്യുന്നവരെ സ്നേഹപൂർവ്വം ആദരിക്കുവാനും ദൈവം നമുക്ക് നല്കിയ അനന്തകാരുണ്യത്തിന് നന്ദി പറയുവാനും നമുക്ക് ഈ അവസരത്തെ വിനിയോഗിക്കാം. സഭ തീർത്ഥാടകയാണ്. നാം തീർത്ഥാടകരാണ്. തിന്മയിൽനിന്ന് നന്മയിലേക്കുള്ള യാത്രയാണത്; പാപങ്ങൾക്ക് പരിഹാരമായ വിശുദ്ധീകരണ യാത്ര. നമ്മുടെ ഇടവകകളിലെ 12 വർഷത്തെ വിശ്വാസപരിശീലനം പൂർത്തിയാക്കിയ നമ്മുടെ യുവജനങ്ങൾ ധാർമ്മികതയിലും ആത്മീയതയിലും അടിയുറച്ചുനിന്നുകൊണ്ട് വിശ്വാസപൂർവ്വം മുന്നോട്ടുപോകുവാൻ ഒന്നുചേർന്ന് കൃപ യാചിക്കുന്ന അവസരമാണ് ഈ വിശുദ്ധയാത്ര. വിശ്വാസത്തിൽ നമുക്ക് പിതാവായിരിക്കുന്ന തോമാശ്ലീഹായുടെ പാദപത്മത്തിൽ നമ്മുടെ രൂപതയെ സമ്പൂർണ്ണമായി സമർപ്പിക്കുകയും ശ്ലീഹായുടെ മാദ്ധ്യസ്ഥ്യം വഴി രൂപതയ്ക്ക് ആവശ്യമായ അനുഗ്രഹങ്ങൾ യാചിക്കുകയും ചെയ്യാം. നാളിതുവരെ തീർത്ഥാടനത്തിന്റെ വിജയത്തിന് നിങ്ങൾ നൽകിയ സഹായങ്ങൾക്കും സേവനങ്ങൾക്കും നന്ദി പറയുന്നു.

തീർത്ഥാടനത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്ന വ്യക്തികളെ നൽകപ്പെടുന്ന നിർദ്ദേശങ്ങളനുസരിച്ച് പങ്കെടുപ്പിക്കുവാൻ

ബഹു. അച്ചന്മാരും മറ്റു ബന്ധപ്പെട്ടവരും ശ്രദ്ധിക്കണമെന്നും അങ്ങനെ കാരുണ്യവർഷതീർത്ഥാടനം ദൈവാനുഗ്രഹ സമ്പന്നമാക്കണമെന്നും ഏവരോടും ആഹ്വാനം ചെയ്യുന്നു. തീർത്ഥാടനത്തിന്റെ ചെലവി ലേയ്ക്കായി ഒരു പ്രത്യേക പിരിവ് എടുക്കുകയും പ്രസ്തുത സംഖ്യ ഡിസംബർ 10-ാം തിയതിക്കുമുമ്പ് രൂപതയിൽ ഏൽപ്പിക്കേണ്ടതു മാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## പ്രത്യേക നിർദ്ദേശങ്ങൾ

1. **2016 നവംബർ 20 ഞായറാഴ്ച** ഇരിങ്ങാലക്കുട കത്തീഡ്രൽ അങ്കണത്തിൽ നിന്നാണ് കൊടുങ്ങല്ലൂർ മാർതോമാതീർത്ഥാടനം ആരംഭിക്കുന്നത്.

2. **താഴെ പറയുന്ന വിധം തീർത്ഥാടനത്തിൽ പങ്കെടുക്കുന്ന വരുടെ എണ്ണം ക്രമപ്പെടുത്തിയിരിക്കുന്നു.**

12-ാം ക്ലാസിലെ എല്ലാ മതബോധന വിദ്യാർത്ഥികളും മതബോ ധന അദ്ധ്യാപകരുടെ പ്രതിനിധിയായി പന്ത്രണ്ടാം ക്ലാസിലെ മത ബോധന അദ്ധ്യാപകനും /ഒരു മതബോധന അദ്ധ്യാപക പ്രതിനിധി യും, എല്ലാ ഇടവകകളിലേയും സെന്റ് വിൻസെന്റ് ഡി. പോൾ, സോഷ്യൽ ആക്ഷൻ, കുടുംബസമ്മേളന കേന്ദ്രസമിതി, ജീവകാരുണ്യ നിധി, കുടുംബക്ഷേമനിധി, കാരുണ്യവർഷം പ്രമാണിച്ച് രൂപീകൃത മായിട്ടുള്ള പ്രസ്ഥാനങ്ങൾ എന്നീ വിഭാഗങ്ങളിൽപ്പെട്ടവർ, കാരുണ്യ വർഷക്കമ്മറ്റിയംഗങ്ങൾ, എല്ലാ ഇടവകകളിലേയും പ്രതിനിധിയോഗ ത്തിൽനിന്നുള്ള പ്രതിനിധികൾ, സംഘടനാഭാരവാഹികൾ എന്നിവർ ഈ തീർത്ഥാടനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. സാധി ക്കുന്നത്ര വൈദികരും സമർപ്പിതരും ഈ തീർത്ഥാടനത്തിൽ പങ്കെടു ക്കുന്നത് ഉചിതമായിരിക്കും. ഓരോ ഇടവകയിൽനിന്നും കുടുംബ ങ്ങളുടെ എണ്ണമനുസരിച്ച് 20 നും 50 നും ഇടയിൽ വരുന്ന അംഗങ്ങളെ പങ്കെടുപ്പിക്കുന്നത് അഭികാമ്യം. ഓരോ ഇടവകയും പങ്കെടുക്കുന്ന തീർത്ഥാടകരുടെ എണ്ണം അറിയിക്കേണ്ടതാണ്.

3. നവംബർ 13-ാം തിയതി ഞായറാഴ്ച തീർത്ഥാടനത്തിൽ പങ്കെടു ക്കുന്ന വ്യക്തികൾക്ക് അതാത് ഇടവകകളുടെ നേതൃത്വത്തിൽ വെഞ്ചി രിച്ച കുരിശും ചരടും നൽകേണ്ടതാണ്. തീർത്ഥാടനത്തിൽ പങ്കെടു ക്കുന്നവർ 7 ദിവസത്തെ നോമ്പ് എടുക്കുന്നത് ഏറെ അനുയോജ്യമാണ്.

4. ഇരിങ്ങാലക്കുട കത്തീഡ്രൽ ദേവാലയത്തിൽ നിന്നും അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ നവംബർ 20 ഞായറാഴ്ച കാലത്ത് 6.30ന് ആരംഭിക്കുന്ന പദയാത്ര 7.45ന് വെള്ളാങ്കല്ലൂരിലും, 9.00ന് കരൂപ്പടന്ന സ്ക്കൂൾ ഗ്രൗണ്ടിലും തുടർന്ന് 9.45ന് പുല്ലൂറ്റ് സ്ക്കൂൾ ഗ്രൗണ്ടിലും

10.45 ന് വിശ്വാസത്തിന്റെ പിള്ളത്തൊട്ടിലായ കൊടുങ്ങല്ലൂർ സെന്റ് മേരീസ് പള്ളിയിലെ സാന്തോം സ്ക്വയറിലും എത്തിച്ചേരുന്നു.

5. 11.00 മണിക്ക് അഭിവന്ദ്യ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ വി. ബലി അർപ്പിക്കപ്പെടുന്നു.

6. വി. കുർബാനയ്ക്കുശേഷം നേർച്ചഭക്ഷണവിതരണമായിരിക്കും

7. തീർത്ഥാടനം കഴിഞ്ഞ് അഴീക്കോടുള്ള പൊന്തിഫിക്കൽ ഷ്റൈനിലേയ്ക്ക് തിരുശേഷിപ്പ് വണങ്ങുവാൻ പോകുന്നതാണ്.

2016 നവംബർ 20 - നുശേഷം വരുന്ന ഞായറാഴ്ച (നവംബർ 27) എല്ലാ ഇടവകകളിലും തോമാശ്ലീഹായുടെ ഭാരതപ്രവേശന തിരുനാൾ സമുചിതമായി ആചരിക്കുന്നത് നന്നായിരിക്കും.

പ്രാർത്ഥനയോടെ, + Pauly Kannookadan

ഇരിങ്ങാലക്കുട — **മാർ പോളി കണ്ണൂക്കാടൻ**
22-09-2016 — ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

NB:- ഈ സർക്കുലറിലെ പ്രസക്ത ഭാഗങ്ങൾ ഒക്ടോബർ മാസത്തിലെ ഏതെങ്കിലും ഒരു ഞായറാഴ്ച കുർബാനമധ്യേ എല്ലാ പള്ളികളിലും വിശദീകരിക്കേണ്ടതാണ്.

## മാർതോമാശ്ലീഹായുടെ ഭാരതപ്രവേശനം കൊടുങ്ങല്ലൂർ തീർത്ഥയാത്ര

ബഹു. അച്ചന്റെ ഇടവകയിൽനിന്നും താഴെ പറയുന്ന വിഭാഗത്തിൽപ്പെട്ടവരെ തീർത്ഥയാത്രയിൽ പങ്കെടുപ്പിക്കുവാൻ പറഞ്ഞു വിടുമല്ലോ.

1. +2 വിദ്യാർത്ഥികൾ (എല്ലാവരും)
2. സെന്റ് വിൻസെന്റ് ഡി പോൾ
3. സോഷ്യൽ ആക്ഷൻ
4. കുടുംബസമ്മേളന കേന്ദ്രസമിതി
5. ജീവകാരുണ്യനിധി
6. കുടുംബക്ഷേമനിധി
7. കാരുണ്യവർഷം പ്രമാണിച്ച് രൂപീകൃതമായിട്ടുള്ള പ്രാർത്ഥന
8. കാരുണ്യവർഷ കമ്മിറ്റയംഗങ്ങൾ
9. പ്രതിനിധിയോഗത്തിൽനിന്നുള്ള പ്രതിനിധികൾ
10. സംഘടനാഭാരവാഹികൾ

## "കൊടുങ്ങല്ലൂർ തീർത്ഥാടനത്തിന്റെ വിജയത്തിനായുള്ള പ്രാർത്ഥന"

ത്രിയേക ദൈവമേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു, സ്തുതിക്കുന്നു. അങ്ങേക്ക് ഞങ്ങൾ നന്ദി പറയുന്നു. അങ്ങ് സ്ഥാപിച്ച ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിൽ ഞങ്ങൾ വിശ്വസിക്കുന്നു. "എന്റെ കർത്താവേ എന്റെ ദൈവമേ" എന്ന് ഏറ്റു പറഞ്ഞ ഭാരതത്തിന്റെ അപ്പസ്തോലനും വിശ്വാസത്തിൽ ഞങ്ങളുടെ പിതാവുമായ മാർ തോമാശ്ലീഹായെ ഓർത്ത് ഞങ്ങൾ നന്ദി പറയുന്നു. ശ്ലീഹായുടെ പാദസ്പർശനത്താൽ പാവനമാക്കപ്പെട്ട ഈ പുണ്യഭൂമിയുടെ രത്നമഹിമ ഞങ്ങൾ മനസ്സിലാക്കട്ടെ. സമർപ്പിത വർഷത്തിൽ ഞങ്ങൾ നടത്തുന്ന ഈ തീർത്ഥാടനം ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്ന വിശിഷ്ടാവസരമാകട്ടെ. സഭാപാരമ്പര്യങ്ങളോടുള്ള വിശ്വസ്തതയുടെയും സഭാധികാരികളോടുള്ള വിധേയത്വത്തിന്റെയും പൂർവ്വികരോടുള്ള കൃതജ്ഞതയുടേയും അടയാളമായി തീർത്ഥാടനത്തിൽ പങ്കുചേരുന്ന ദൈവജനത്തെയും അതിന്റെ വിജയത്തിനായി പ്രവർത്തിക്കുന്ന ഏവരേയും അന്നേദിവസത്തെ എല്ലാ ആത്മീയാനുഷ്ഠാനങ്ങളേയും ആശീർവ്വദിക്കണമെ. ലോകത്തിന്റെ ദീപവും ഭൂമിയുടെ ഉപ്പുമാകുവാൻ ഈ തീർത്ഥാടനം ഞങ്ങൾക്ക് സഹായകമാകട്ടെ.

ഈശോയുടെ തിരുഹൃദയമേ
ഞങ്ങളെ അനുഗ്രഹിക്കണമേ.
മാർ തോമാശ്ലീഹായെ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
വി. അൽഫോൻസാമ്മേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
വി. എവുപ്രാസ്യാമ്മേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
വാഴ്ത്തപ്പെട്ട മറിയം ത്രേസ്യാമ്മേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
സകല വാഴ്ത്തപ്പെട്ടവരും വിശുദ്ധരുമായവരേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

**NB : 2016 നവംബർ 20-ാം തിയ്യതി വരെ ഈ പ്രാർത്ഥന വി. ബലിക്കു ശേഷം ചൊല്ലേണ്ടതാണ്.**

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപതാ മെത്രാൻ

# കച്ചേരി കാര്യങ്ങൾ



1. **Appointments and Relieving orders**

| | | |
|---|---|---|
| **Rev. Fr. George Thottan CMI** | : | Appointed Chaplain, Missionary Sisters of Mother Mary (MSHM) Mary Matha Convent, Sevanagiri Anallorr w.e.f. 8th Sept. 2016. |
| **Rev. Fr. Robin Kuzhijalil MSJ** | : | Relieved Acting Vicar, St. Mary of Rosary Church, Karoor and appointed acting parish priest of St. George's Syro Malabar Catholic Church, Eranavoor and Chaplain, FCC Convent, Mathur of the Syo Malabar Chennai Mission w.e.f. 12th Sept. 2016. |
| **Rev. Fr. Roby Valappila** | : | Sick leave w.e.f. 8th August 2016. Residence at Vianny Home, Puliyilakunnu. |

2 **നവംബർ 2, സകല മരിച്ചവരുടേയും ഓർമ്മത്തിരുനാൾ**
മരണംമൂലം നമ്മിൽനിന്ന് വേർപെട്ട് പോയവരെ പ്രത്യേകം ഓർത്ത് പ്രാർത്ഥിക്കാം. സ്വർഗ്ഗോന്മുഖരായി ജീവിക്കുവാൻ ഈ ദിനം നമ്മെ സഹായിക്കട്ടെ.

3 **പേര് തിരുത്തൽ :** മാമ്മേദീസ രജിസ്റ്ററിൽ പേര് തിരുത്തുന്നത് അനുവദനീയമല്ല. എന്നാൽ പ്രത്യേക സാഹചര്യത്തിൽ ഇപ്രകാരം ചെയ്യേണ്ടി വന്നാൽ മാമ്മോദീസാ മുങ്ങിയ സ്ഥലത്തെ ഒറിജിനൽ സർട്ടിഫിക്കറ്റും, എസ്.എസ്.എൽ.സി. ബുക്കും, നോട്ടറി വക്കീലിന്റെ അഫിഡവിറ്റും, രൂപതാമുദ്രപത്രത്തിൽ ഇടവക വികാരിയും മാമ്മോദീസ മുങ്ങിയ സ്ഥലത്തെ വികാരിയും ഒപ്പിട്ട അപേക്ഷയും മറ്റു അനുബന്ധ രേഖകളും കൊണ്ടുവരണമെന്ന കാര്യം ഇടവകാംഗങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുമല്ലോ.

4 **വൈദിക വിശുദ്ധീകരണദിനം :** ഈ വർഷം സെന്റ് പോൾസ് മൈനർ സെമിനാരിയിൽവെച്ച് ഡിസംബർ 8-ാം തിയ്യതി ചൊവ്വാഴ്ചയാണ് വൈദികരുടെ വിശുദ്ധീകരണദിനമായി ആചരിക്കുന്നത്. അന്നേദിവസം ഉച്ചകഴിഞ്ഞ് PWF ന്റെ ജനറൽ ബോഡിയോഗമുണ്ടായിരിക്കും.

5 **വൈദികരുടെ പഞ്ചദിനക്യാമ്പിന്റെ സംയുക്തയോഗം**
മോൺസിഞ്ഞോർ സ്റ്റീഫൻ ചിറപ്പണത്തിന്റെ മെത്രാഭിഷേകവുമായി ബന്ധപ്പെട്ടും മറ്റും അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് ഒക്ടോബർ മാസത്തിൽ വിദേശത്ത് പോകുന്നതുകൊണ്ട് നവംബർ 10-ാം തിയ്യതിയായിരിക്കും പഞ്ചദിനക്യാമ്പുകളുടെ സംയുക്ത യോഗം. രൂപതാഭവനത്തിൽ രാവിലെ 10 മണിക്ക് ആരംഭിക്കുന്ന യോഗം ഉച്ചഭക്ഷണത്തോടെ സമാപിക്കും.

6 **മാസധ്യാനം :** ഒക്ടോബർ, നവംബർ മാസങ്ങളിലെ വൈദികരുടെ മാസധ്യാനം അതാതു ഫൊറോനകളിൽ വച്ചായിരിക്കും.

7 **മിഷൻ ഞായർ -ഒക്ടോബർ 18 :** മിഷൻ ഞായർ കവർ, കലണ്ടർ എന്നിവ കൊണ്ടുപോകാത്ത ഇടവകകൾ എത്രയും വേഗം അവ കൊണ്ടുപോയി വീടുകളിൽ എത്തിക്കുക. മുൻ വർഷങ്ങളിലെപ്പോലെ ഏറ്റവും കൂടുതൽ സംഖ്യ ഏല്പിക്കുന്ന രണ്ട് ഇടവകകൾക്കും; വീടുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ശരാശരി ഏറ്റവും കൂടുതൽ സംഖ്യ ഏല്പിക്കുന്ന രണ്ട് ഇടവകകൾക്കും; ഏറ്റവും കൂടുതൽ സംഖ്യ ഏല്പിക്കുന്ന 2 സ്ഥാപനങ്ങൾക്കും പ്രത്യേക സമ്മാനങ്ങൾ നല്കുന്നതാണ്. മിഷൻ ഞായർ പിരിവ് നവംബർ 30-ാം തിയ്യതി ബുധനാഴ്ച ഉച്ചകഴിഞ്ഞ് 5 മണിക്കു മുൻപ് രൂപതാ കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

8 **ജപമാലമാസം :** ഒക്ടോബർ മാസത്തിൽ ജപമാലഭക്തിയിലൂടെ മരിയഭക്തി പ്രചരിപ്പിക്കുവാൻ നമുക്ക് പരിശ്രമിക്കാം.

9 **മതസൗഹാർദ്ദം :** വർഗ്ഗീയ വിഷം വിതയ്ക്കുന്ന ഭാരതമണ്ണിൽ മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കുവാൻ പ്രാർത്ഥനവഴിയും, സൗഹൃദ കൂട്ടായ്മകൾ സംഘടിപ്പിച്ചും മറ്റും ഇടവകകൾതോറും നമുക്ക് പരിശ്രമിക്കാം.

10 കാരുണ്യവർഷത്തിൽ വിവിധ കാരുണ്യപ്രവർത്തനങ്ങളിലൂടെ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളും മികവ് തെളിയിച്ചു. ഇനി പുതുതായി രൂപം കൊണ്ടിരിക്കുന്ന 'ഹൃദയ പാലിയേറ്റീവ് കെയർ' വഴി ഇടവകയിലെ എല്ലാ കിടപ്പുരോഗികളിലേക്കും ശുശ്രൂഷാ സഹായം എത്തിക്കുവാൻ ഏവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

രൂപതാ കാര്യാലയം
20. 09. 2016

**മോൺ. ജോബി പൊഴോലിപറമ്പിൽ**
വികാരി ജനറാൾ

Ref: 2980/K 35/OL/KCBC/DS

# ലോകമിഷൻ ഞായർ - 2016

## ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

**പ്രിയ സഹോദരീസഹോദരന്മാരേ,**

സഭ ആഘോഷിക്കുന്ന കാരുണ്യത്തിന്റെ അസാധാരണ ജൂബിലി 2016-ലെ ആഗോളമിഷൻ ഞായറിന്മേൽ സവിശേഷപ്രകാശം ചൊരിയുന്നു: വിജാതിയരെ സംബന്ധിച്ച പ്രേഷിതത്വത്തെ ആധ്യാത്മികവും ഭൗതികവുമായ തലങ്ങളിൽ മഹത്തായ, അളവറ്റ കാരുണ്യപ്രവർത്തനമായി പരിഗണിക്കാൻ അതു നമ്മെ ക്ഷണിക്കുന്നു. പ്രേഷിതരായ ശിഷ്യരായി "പുറത്തേക്കു പോകാൻ" നാം എല്ലാവരും ഈ ആഗോളമിഷൻദിനത്തിൽ ക്ഷണിക്കപ്പെടുന്നു. മുഴുവൻ മനുഷ്യകുടുംബത്തിനും ദൈവത്തിന്റെ വാത്സല്യത്തിന്റെയും സഹതാപത്തിന്റെയും സന്ദേശം നല്കുന്നതിനുവേണ്ടി ഓരോ വ്യക്തിയും തന്റെ കഴിവുകളും സർഗാത്മകതയും ജ്ഞാനവും അനുഭവവും ഉദാരതയോടെ സമർപ്പിച്ചുകൊണ്ട് അപ്രകാരം ചെയ്യാൻ ക്ഷണിക്കപ്പെടുന്നു. പ്രേഷിതത്വ കല്പനയുടെ ശക്തിയാൽ സഭ സുവിശേഷം അറിയാത്തവരെ ശ്രദ്ധിക്കുന്നു. കാരണം, എല്ലാവരും രക്ഷിക്കപ്പെടണമെന്നും കർത്താവിന്റെ സ്നേഹം അനുഭവിക്കണമെന്നും അവൾ ആഗ്രഹിക്കുന്നു. "ദൈവത്തിന്റെ കാരുണ്യം, സുവിശേഷത്തിന്റെ ഹൃദയസ്പന്ദനം" അറിയിക്കാനും (*Misericordiae Vultus,* 12) ലോകത്തിന്റെ എല്ലാ കോണുകളിലും ചെറിയവരും വലിയവരുമായ എല്ലാവരിലേക്കും എത്തിച്ചേർന്നുകൊണ്ട് കാരുണ്യം പ്രഘോഷിക്കാനും അവൾ നിയോഗിക്കപ്പെട്ടിരിക്കുന്നു.

കാരുണ്യം ഒരു വ്യക്തിയെ കണ്ടുമുട്ടുമ്പോൾ അത് നിത്യപിതാവിന്റെ ഹൃദയത്തിൽ അഗാധമായ സന്തോഷം ഉളവാക്കുന്നു. എന്തെന്നാൽ ആരംഭംമുതൽ അവിടന്ന് ഏറ്റവും ദുർബലരായവരിലേക്ക് സ്നേഹപൂർവം തിരിഞ്ഞിട്ടുണ്ട്. കാരണം അവിടത്തെ മഹത്ത്വവും ശക്തിയും കൃത്യമായി വെളിവാക്കപ്പെടുന്നത് കുട്ടികളോടും പാർശവത്കരിക്കപ്പെട്ടവരോടും പീഡിതരോടും താദാത്മ്യപ്പെടാനുള്ള അവിടത്തെ കഴിവിലാണ് (cf. നിയമാ 4:31; സങ്കീ 86:15; 103:8; 111:4). അവിടന്ന് ആവശ്യത്തിൽപ്പെട്ടവരോട് പ്രത്യേകിച്ച് ദരിദ്രരോട് അടുത്തുനിൽക്കുന്ന കാരുണ്യവാനും ശ്രദ്ധാലുവും വിശ്വസ്തനുമായ

ദൈവമാണ്. മാതാവും പിതാവും മക്കളുടെ ജീവിതത്തിൽ ചെയ്യുന്നതു പോലെ അവിടന്ന് മാനുഷിക യാഥാർത്ഥ്യത്തിൽ മൃദുലഹൃദയത്തോടെ ഇടപെടുന്നു (cf. ജെറ 31:20). ബൈബിൾ ഗർഭപാത്രത്തെപ്പറ്റി പറയുമ്പോൾ കാരുണ്യം സൂചിപ്പിക്കുന്ന പദമാണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് അത് ഒരമ്മയ്ക്ക് കുട്ടികളോടുള്ള സ്നേഹത്തെ പരാമർശിക്കുന്നു. എന്തു സംഭവിക്കുന്നുവെന്നത് പരിഗണിക്കാതെ എല്ലാ സാഹചര്യത്തിലും അവൾ എപ്പോഴും സ്നേഹിക്കുന്നു. കാരണം അവർ അവളുടെ ഉദരഫലമാണ്. ദൈവത്തിന് തന്റെ എല്ലാ മക്കളോടുമുള്ള സ്നേഹത്തിന്റെ സാരാംശപരമായ ഒരു വശമാണിത്. എല്ലാ മക്കളെയും അവിടന്ന് സൃഷ്ടിച്ചതാണ്. അവരെ വളർത്താനും വിദ്യാഭ്യാസം ചെയ്യിക്കാനും അവിടന്ന് ആഗ്രഹിക്കുന്നു. അവരുടെ ദുർബലതയും അവിശ്വസ്തതയും കാണുമ്പോൾ അവിടത്തെ ഹൃദയം സഹതാപത്താൽ കീഴടക്കപ്പെടുന്നു (cf. ഹോസിയ 11:8). എല്ലാവരോടും അവിടന്ന് കാരുണ്യം കാണിക്കുന്നു. അവിടത്തെ സ്നേഹം എല്ലാവരെയും സംബന്ധിച്ചുള്ളതാണ്. അവിടത്തെ സഹതാപം എല്ലാ സൃഷ്ടികളിലേക്കും വ്യാപിക്കുന്നു (cf. സങ്കീ 144:89).

ദൈവകാരുണ്യത്തിന്റെ ഏറ്റവും ശ്രേഷ്ഠവും പൂർണവുമായ പ്രകാശനം മനുഷ്യാവതാരം ചെയ്ത ദിവ്യവചനത്തിലാണുള്ളത്. കരുണാസമ്പന്നനായ പിതാവിന്റെ മുഖം യേശു വെളിപ്പെടുത്തുന്നു. അവിടന്ന് "കാരുണ്യത്തെപ്പറ്റി പറയുകയും താരതമ്യവും ഉപമകളും ഉപയോഗിച്ച് അതിനെ വിശദീകരിക്കുകയും ചെയ്തു. എല്ലാറ്റിലും ഉപരിയായി അവിടന്നു അതിന്റെ അവതാരവും വ്യക്തിത്വവുമായിത്തീർന്നു" (*Dives in Misericordia,* 2). സുവിശേഷങ്ങളും കൂദാശകളും വഴി നാം യേശുവിനെ സ്വാഗതം ചെയ്യുകയും അനുഗമിക്കുകയും ചെയ്യുമ്പോൾ പരിശുദ്ധാത്മാവിന്റെ സഹായത്താൽ, സ്വർഗസ്ഥനായ കരുണാമയനായ പിതാവിനെപ്പോലെ കരുണാപൂർണരായിത്തീരുന്നു. അവിടന്ന് നമ്മെ സ്നേഹിക്കുന്നതുപോലെ സ്നേഹിക്കാനും നമ്മുടെ ജീവിതത്തെ ഒരു സൗജന്യദാനമായി, അവിടത്തെ നന്മയുടെ അടയാളമാക്കിത്തീർക്കുവാനും നമുക്കു കഴിയും (cf *misericordiae Vultus,* 3). മനുഷ്യവംശത്തിന്റെ മധ്യത്തിൽ ക്രിസ്തുവിന്റെ കാരുണ്യത്താൽ ജീവിക്കുന്ന സമൂഹങ്ങളിൽ ഒന്നാമത്തേതാണ് സഭ. സഭ അവിടത്തെ നോട്ടം തിരിച്ചറിയുന്നു. കരുണാപൂർണമായ സ്നേഹത്തോടെ അവിടന്ന് തന്നെ തിരഞ്ഞെടുത്തുവെന്ന് അവൾ അറിയുന്നു. ഈ സ്നേഹത്തിലൂടെയാണ് സഭ തനിക്കുള്ള കല്പന തിരിച്ചറിയുന്നതും അത

നുസരിച്ചു ജീവിക്കുന്നതും. ഓരോ സംസ്കാരവും മതവിശ്വാസവു മായുള്ള ആദരപൂർവകമായ സംവാദത്തിലൂടെ അതിനെ സകല ജന തകളെയും അറിയിക്കുന്നതും.

കരുണാപൂർണമായ ഈ സ്നേഹത്തിന്, സഭയുടെ ആദിമ കാലത്തെന്നതുപോലെ എല്ലാ പ്രായത്തിലും ജീവിതാവസ്ഥയിലു മുള്ള സ്ത്രീപുരുഷന്മാർ സാക്ഷ്യം നല്കിയിട്ടുണ്ട്. പ്രേഷിത ലോകത്ത് പുരുഷന്മാരോടൊപ്പം അധ്വാനിക്കുന്ന സ്ത്രീകളുടെ സാന്നിധ്യം പരി ഗണനീയവും വർധമാനവുമാണ്. അത് ദൈവത്തിന്റെ മാതൃത്വപര മായ സ്നേഹത്തിന്റെ ശ്രദ്ധേയമായ അടയാളമാണ്. അല്മായരും സന്ന്യസ്തരുമായ സ്ത്രീകൾ - ഇന്ന് അനേകം കുടുംബങ്ങൾപോലും വ്യത്യസ്ത രീതികളിൽ തങ്ങളുടെ പ്രേഷിതത്വവിളി നിർവഹിക്കു ന്നുണ്ട്. സുവിശേഷപ്രഘോഷണം മുതൽ ജീവകാരുണ്യ പ്രവർത്ത നംവരെ നടത്തുന്നുണ്ട്. മിഷണറിമാർ ചെയ്യുന്ന സുവിശേഷപ്രഘോ ഷണ-കൗദാശിക പ്രവർത്തനങ്ങളോടൊപ്പം സ്ത്രീകൾക്കും കുടും ബങ്ങൾക്കും മിക്കപ്പോഴും ജനങ്ങളുടെ പ്രശ്നങ്ങൾ കൂടുതൽ പര്യാ പ്തമാംവിധം അറിയാൻ കഴിയുന്നതുകൊണ്ട് അവയെ എങ്ങനെ സമു ചിതമായ രീതിയിൽ, ചിലപ്പോൾ നവീനരീതിയിൽ, കൈകാര്യം ചെയ്യ ണമെന്ന് അവർ അറിയുന്നു. വ്യവസ്ഥിതികളിലെന്നതിനെക്കാൾ ജന ങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ജീവൻ സംരക്ഷിക്കാൻ അവർ അറിയുന്നു. നല്ല ബന്ധങ്ങളും സമന്വയവും സമാധാനവും, ഐക്യ ദാർഢ്യവും സംവാദവും സഹകരണവും സാഹോദര്യവും സൃഷ്ടി ക്കാൻവേണ്ടി മാനുഷികവും ആധ്യാത്മികവുമായ വിഭവങ്ങൾ വിത രണം ചെയ്യാൻ അവർക്കു കഴിയുന്നു. വ്യക്തികളുടെയിടയിലും സാമൂ ഹിക-സാംസ്കാരിക ജീവിതത്തിലും, പ്രത്യേകിച്ച് ദരിദ്രരെ സംര ക്ഷിക്കുന്നതുവഴി, അപ്രകാരം ചെയ്യാൻ കഴിയുന്നു.

പലസ്ഥലങ്ങളിലും സുവിശേഷവത്കരണം തുടങ്ങുന്നത് വിദ്യാഭ്യാസത്തോടെയാണ്. അതിനായി മിഷണറിമാർ ഏറെ സമ യവും അധ്വാനവും ചെലവഴിക്കുന്നുണ്ട്. സുവശേഷത്തിൽ കാണുന്ന മുന്തിരിത്തോട്ടത്തിന്റെ ഉടമയെപ്പോലെതന്നെ (cf ലൂക്കാ 13:7-9, യോഹ 15:1). അയാൾ അനേകവർഷം സാവധാനം കൃഷിചെയ്തിട്ട് ഫലത്തിനായി കാത്തിരുന്നല്ലോ. അങ്ങനെ സുവിശേഷവത്കരണം നടത്താൻ കഴിവുള്ള പുതിയ ജനതയെ അവർ ജനിപ്പിക്കുന്നു. മറ്റു വിധത്തിൽ സുവിശേഷവത്കരണം സാധ്യമല്ലെന്നു തോന്നുന്ന സ്ഥല ങ്ങളിലേക്ക് അവർ സുവിശേഷം എത്തിച്ചുകൊടുക്കുന്നു. ഒരിക്കൽ ക്രിസ്തുവിൽ വിശ്വസിക്കാനിരിക്കുന്നവരുടെയും "അമ്മ" എന്ന്

സഭയെ നിർവചിക്കാം. അതുകൊണ്ട് ദൈവത്തിന്റെ വിശുദ്ധജനം കാരുണ്യത്തിന്റെ മാതൃത്വപരമായ സേവനം തുടരുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. കർത്താവിനെ കണ്ടുമുട്ടാനും സ്നേഹിക്കാനും വേണ്ടി ഇന്നോളം അവിടത്തെ അറിയാതിരിക്കുന്നവരെ സഹായിക്കുമെന്നു പ്രത്യാശിക്കുന്നു. വിശ്വാസം ദൈവം നല്കുന്ന ദാനമാണ്. അത് മത പരിവർത്തനപ്രക്രിയയുടെ ഫലമല്ല. ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്ന സുവിശേഷപ്രഘോഷകരുടെ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സഹായത്താൽ വളരുന്നു. ക്രിസ്തുവിന്റെ ശിഷ്യന്മാർ ലോകത്തിന്റെ തെരുവീഥികളിലൂടെ നടക്കുമ്പോൾ അതിരുകളില്ലാത്ത സ്നേഹമുള്ളവരായിരിക്കണം. എല്ലാ ജനതകളോടും നമ്മുടെ കർത്താവിനുള്ള സ്നേഹത്തിന്റെ അതേ അളവിലുള്ള സ്നേഹമുള്ളവരായിരിക്കണം. അവിടന്ന് നമുക്കു നല്കിയ ഏറ്റവും സുന്ദരവും വലുതുമായ സമ്മാനങ്ങളെക്കുറിച്ചാണ് നാം പ്രഘോഷിക്കുന്നത്: അവിടത്തെ ജീവനും അവിടത്തെ സ്നേഹവും.

ഓരോ വ്യക്തിക്കും ദൈവം നല്കുന്ന ദാനമായ രക്ഷാസന്ദേശം സ്വീകരിക്കാൻ എല്ലാ ജനതകൾക്കും സംസ്കാരങ്ങൾക്കും അവകാശമുണ്ട്. പരിഹാരം കാണേണ്ട എത്രമാത്രം അനീതിയും യുദ്ധങ്ങളും മാനുഷിക വിഷമസന്ധികളുമുണ്ടെന്നു പരിഗണിക്കുമ്പോൾ ഇത് കൂടുതൽ അത്യാവശ്യമായിത്തീരുന്നു. സന്തോഷവും അനുരഞ്ജനവും നീതിയും സമാധാനവും നടപ്പാക്കാൻ ക്ഷമയുടെയും കാരുണ്യത്തിന്റെയും സുവിശേഷത്തിനു സാധിക്കുമെന്ന് മിഷണറിമാർ അനുഭവത്തിൽ നിന്ന് അറിയുന്നു. സുവിശേഷത്തിലെ കല്പന ഇതാണ്: "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ" (മത്താ 28:19-20). ഈ കല്പന കാലഹരണപ്പെട്ടിട്ടില്ല. സർവ വെല്ലുവിളികളോടും കൂടിയ ഇന്നത്തെ സാഹചര്യത്തിൽ നവീകൃതമായ പ്രേഷിതത്വ "പ്രചോദനം" ഉണ്ടായിരിക്കാനുള്ള വിളി നാം ശ്രവിക്കാൻ ആ കല്പന നമ്മെ കടപ്പെടുത്തുന്നു. "സുവിശേഷത്തിന്റെ സന്തോഷം" എന്ന എന്റെ അപ്പസ്തോലികാഹ്വാനത്തിൽ ഞാൻ പറഞ്ഞിട്ടുള്ളതുപോലെ തന്നെ. "ഓരോ ക്രൈസ്തവനും ഓരോ സമൂഹവും കർത്താവു ചൂണ്ടിക്കാണിക്കുന്ന വഴി തിരിച്ചറിയണം. എന്നാൽ സുവിശേഷപ്രകാശം ആവശ്യമായിരിക്കുന്ന അതിരുകളിലേക്ക് എത്തി

ച്ചേരാൻ സ്വന്തം സുഖസൗകര്യങ്ങളുടെ മണ്ഡലത്തിൽ നിന്ന് മുന്നോട്ടു പോകാനുള്ള അവിടത്തെ വിളി അനുസരിക്കാൻ നമ്മോടു കല്പിക്കപ്പെട്ടിരിക്കുന്നു". (20)

ഈ ജൂബിലി വർഷം ആഗോളമിഷൻ ദിനാചരണത്തിന്റെ 90-ാം വാർഷികമാണ്. ഇത് 1926-ൽ പീയൂസ് പതിനൊന്നാമൻ മാർപാപ്പാ ആദ്യമായി അംഗീകരിച്ചു. വിശ്വാസപ്രചാരണത്തിനുവേണ്ടിയുള്ള പൊന്തിഫിക്കൽ സംഘം സ്ഥാപിക്കുകയും ചെയ്തു. അതുകൊണ്ട് എന്റെ മുൻഗാമികളുടെ ബുദ്ധിപൂർവകമായ നിർദേശങ്ങൾ അനുസ്മരിക്കുക സമുചിതമാണ്. ലോകം മുഴുവനിലുമുള്ള രൂപതയിലും ഇടവകയിലും സന്ന്യാസസമൂഹത്തിലും അസോസിയേഷനിലും സഭാത്മക പ്രസ്ഥാനത്തിലും നിന്ന് സംഭാവനകൾ ശേഖരിക്കാനും അവകൊണ്ട് ലോകത്ത് എവിടെയുമുള്ള ആവശ്യത്തിൽപ്പെട്ടിരിക്കുന്ന ക്രൈസ്തവ സമൂഹങ്ങളെ സംരക്ഷിക്കാനും ലോകത്തിന്റെ അതിർത്തികൾ വരെയുള്ള സുവിശേഷപ്രഘോഷണത്തെ പിന്താങ്ങാനും വേണ്ടിയുള്ളതായിരിക്കണം ഈ സംഘമെന്ന് എന്റെ ആ മുൻഗാമികൾ കല്പിച്ചിട്ടുണ്ട്. പ്രേഷിതത്വപരമായ സഭാത്മക കൂട്ടായ്മയുടെ ഈ അടയാളത്തിൽ ഇന്നും നാം വിശ്വസിക്കുന്നു. നമുക്കു നമ്മുടെ തന്നെ പ്രത്യേക താത്പര്യങ്ങളിൽ ഹൃദയം അടയ്ക്കാതിരിക്കാം. നമ്മുടെ ഹൃദയങ്ങളെ മുഴുവൻ മനുഷ്യവംശത്തിനുംവേണ്ടി തുറന്നിടാം.

രക്ഷിക്കപ്പെട്ട മനുഷ്യവംശത്തിന്റെ ശ്രേഷ്ഠതയെ ഐക്കണും സഭയ്ക്കുള്ള മിഷണറിമാരുടെ മാതൃകയുമായ പരിശുദ്ധ മറിയം ഉത്ഥിതനായ കർത്താവിന്റെ സജീവവും നിഗൂഢവുമായ സാന്നിധ്യം വളർത്താനും സംരക്ഷിക്കാനും സകല സ്ത്രീ-പുരുഷന്മാരെയും കുടുംബങ്ങളെയും പഠിപ്പിക്കട്ടെ. ഉത്ഥിതനായ കർത്താവ് വൈയക്തികബന്ധങ്ങളെയും സംസ്കാരങ്ങളെയും നവീകരിക്കുകയും സന്തോഷകരമായ കാരുണ്യംകൊണ്ട് എല്ലാവരെയും നിറയ്ക്കുകയും ചെയ്യുന്നവനാണ്.

വത്തിക്കാനിൽ നിന്ന് 15 മേയ് 2016,
പെന്തെക്കോസ്താത്തിരുനാൾ
**ഫ്രാൻസിസ് മാർപാപ്പാ**

---

NB:- ഒക്ടോബർ 16 മിഷൻ ഞായറാഴ്ച ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും പാപ്പയുടെ സന്ദേശത്തിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കേണ്ടതാണ്.

# സർക്കുലർ

**George Cardinal Alencherry**
**Major Archbishop**
**Syro-Malabar Church**

Prot No. 1298/2016

## സീറോ മലബാർ പ്രവാസികൾക്കായുള്ള ഗ്രേറ്റ് ബ്രിട്ടൺ രൂപതാപ്രഖ്യാപനവും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേറ്ററുടെ നിയമനവും

*സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.*

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!

സീറോമലബാർ സഭയിൽ 50 ലക്ഷത്തോളം വിശ്വാസികളുണ്ട്. ഇതിൽ 6 ലക്ഷത്തോളം പേർ സഭയുടെ 32 രൂപതകൾക്കും ഒരു അപ്പസ്തോലിക് എക്സാർക്കേറ്റിനും പുറത്ത് പ്രവാസികളായി കഴിയുന്നവരാണ്. ഇൻഡ്യയിൽ തന്നെ ഇപ്പോഴുള്ള 29 രൂപതകൾക്കു പുറത്ത് പ്രധാനപ്പെട്ട നഗരങ്ങളിലും പട്ടണങ്ങളിലുമായി 2 ലക്ഷത്തിലധികം സീറോമലബാർ കത്തോലിക്കരുണ്ട്. നാൽപ്പതിനായിരത്തിലധികമാണ് ഗ്രേറ്റ് ബ്രിട്ടനിൽ ഇപ്പോൾ സ്ഥാപിതമായിരിക്കുന്ന പുതിയ രൂപതയിലെ അംഗസംഖ്യ, ഇതിനു പുറമെ ഓസ്ട്രിയ, ഫ്രാൻസ്, ജർമ്മനി, അയർലണ്ട്, ഇറ്റലി, സ്വിറ്റ്സർലന്റ്, ഡെന്മാർക്ക് തുടങ്ങിയ രാജ്യങ്ങളിലായി മുപ്പതിനായിരത്തോളം സീറോമലബാർ സഭാംഗങ്ങളുണ്ട്. ഗൾഫ് രാജ്യങ്ങളിൽത്തന്നെ നാലു ലക്ഷത്തോളം വരും സീറോ മലബാർ വിശ്വാസികളുടെ എണ്ണം. മറ്റ് ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിലുമായി ഇരുപത്തി അയ്യായിരത്തിലധികവും.

പ്രവാസികളുടെ അജപാലനം ശരിയായി നിർവ്വഹിക്കുന്നതിന് സാർവ്വത്രികസഭ ശ്രദ്ധാലുവാണ്. പൗരസ്ത്യ കത്തോലിക്കാസഭകളെ സംബന്ധിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച

ഡിക്രിയിൽ പറയുന്നതിപ്രകാരമാണ്: “ആകയാൽ ലോകമാസകലമുള്ള ഓരോ പ്രത്യേക സഭയേയും സംരക്ഷിക്കാനും വളർത്താനും ശ്രദ്ധ ചെലുത്തേണ്ടതാണ്. വിശ്വാസികളുടെ ആധ്യാത്മികമായ നന്മക്കുവേണ്ടി ആവശ്യമാകുന്നിടത്തെല്ലാം ഇടവകകളും അവരുടെ സ്വന്തം ഹയരാർക്കിയും സ്ഥാപിക്കണം” ഇപ്രകാരം ഓരോ വ്യക്തി സഭയിൽ നിന്നുമുള്ള പ്രവാസികളുടെ അജപാലനം അതേ സഭയുടെ മേൽനോട്ടത്തിൽ നിർവ്വഹിക്കപ്പെടാനുള്ള ഏർപ്പാടുകൾ സഭ ചെയ്യുന്നുണ്ട്.

സീറോമലബാർ സഭയിൽനിന്നും ഇന്ത്യക്കു പുറത്ത് പ്രവാസികളായി കഴിയുന്ന വിശ്വാസി സമൂഹങ്ങൾക്ക് അജപാലനനേതൃത്വം കൊടുക്കുവാൻ 2016 ജൂലൈ 28-ാം തിയ്യതി പരി. പിതാവ് ഫ്രാൻസിസ് പാപ്പ രണ്ട് പ്രത്യേക സംവിധാനങ്ങൾ പ്രഖ്യാപിക്കുകയുണ്ടായി.

1. ഗ്രേറ്റ് ബ്രിട്ടനിലെ പ്രസ്റ്റൺ കേന്ദ്രമാക്കി സീറോമലബാർ സഭയ്ക്കായി ഒരു രൂപത സ്ഥാപിച്ച് ഫാ. ജോസഫ് സ്രാമ്പിക്കലിനെ അതിന്റെ പ്രഥമ മെത്രാനായി നിയമിച്ചു.

2 ഗ്രേറ്റ് ബ്രിട്ടൺ ഒഴികെ അയർലണ്ട് ഉൾപ്പെടെയുള്ള മറ്റ് യൂറോപ്യൻ രാജ്യങ്ങൾക്കായുള്ള അപ്പസ്തോലിക് വിസിറ്റേറ്ററായി മോൺ. സ്റ്റീഫൻ ചിറപ്പണത്തിനെ നിയമിച്ചു.

ഫാ. ജോസഫ് സ്രാമ്പിക്കലിന്റെ മെത്രാഭിഷേകവും ചുമതല ഏറ്റെടുക്കൽ ശുശ്രൂഷയും 2016 ഒക്ടോബർ 9-ാം തിയ്യതി ഞായറാഴ്ച പ്രാദേശികസമയം 1.30ന് പ്രസ്റ്റൺ നോർത്ത് എൻഡ് സ്റ്റേഡിയത്തിൽ വച്ചും മോൺസിഞ്ഞോർ സ്റ്റീഫൻ ചിറപ്പണത്തിന്റെ മെത്രാഭിഷേകം നവംബർ 1 ചൊവ്വാഴ്ച പ്രാദേശിക സമയം 10ന് റോമിലെ സെന്റ് പോൾസ് ബസിലിക്കയിൽ വച്ചും നടത്തപ്പെടും.

രണ്ടുപേരുടെയും മെത്രാഭിഷേക ശുശ്രൂഷകൾ ദൈവാനുഗ്രഹപ്രദമായി നടക്കുവാൻ സഭാമക്കൾ എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കുകയും സാധിക്കുന്നിടത്തോളം ആളുകൾ അതിൽ സംബന്ധിക്കുകയും തുടർന്ന് അവരുടെ അജപാലനശുശ്രൂഷകൾക്ക് ആവശ്യമായ എല്ലാ സഹായസഹകരണങ്ങൾ നൽകുകയും ചെയ്യണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. നമ്മുടെ സഭാസമൂഹത്തിന്റെ ഐക്യവും കൂട്ടായ്മയും പ്രകടമാക്കി നല്ല വിശ്വാസസാക്ഷ്യം നൽകാനുള്ള അവസരമാക്കി ഇതിനെ മാറ്റാൻ നമുക്കു പരിശ്രമിക്കാം.

യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷന്റെ കീഴിലുള്ള രാജ്യങ്ങളിലെ സീറോമലബാർ പ്രവാസികൾ ആ രാജ്യങ്ങളിലെ ലത്തീൻ സഭാപിതാക്കന്മാരുടെ അജപാലനാധികാരത്തിൻ കീഴിൽ തുടരുന്നതാണ്. എന്നാൽ അപ്പസ്തോലിക് വിസിറ്റേറ്ററായ മോൺ. സ്റ്റീഫൻ ചിറപ്പണത്ത് ലത്തീൻ പിതാക്കന്മാരുടെ അറിവോടെ

പ്രവാസികളായ സീറോമലബാർ വിശ്വാസികൾക്ക് ആവശ്യമായ മെത്രാനടുത്ത ശുശ്രൂഷകൾ ചെയ്യുന്നതാണ്. അപ്പസ്തോലിക് വിസിറ്റേറ്ററുടെ കീഴിലുള്ള പ്രവാസിസമൂഹങ്ങളിലെ സീറോമലബാർ കുർബാനകളിൽ മെത്രാഭിഷേകത്തിനുശേഷം, രൂപതാ മെത്രാന്മാരുടേതുപോലെ, അഭിവന്ദ്യ സ്റ്റീഫൻ പിതാവിന്റെ പേര് പറഞ്ഞ് പ്രാർത്ഥിക്കണമെന്ന് നിർദ്ദേശിക്കുന്നു.

സീറോമലബാർ സഭയിലെ പ്രവാസികളുടെ കാര്യങ്ങൾക്ക് ഇതുവരെയും മാർഗ്ഗദർശനങ്ങൾ നൽകുകയും വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ നേതൃത്വം നൽകുകയും ചെയ്തിരുന്നത് സഭാ സിനഡിന്റെ സുവിശേഷവൽക്കരണത്തിനും അജപാലനത്തിനുമായുള്ള കമ്മീഷനായിരുന്നു. പ്രസ്തുത കമ്മീഷന്റെ യൂറോപ്പിലെ പ്രവാസികൾക്ക് വേണ്ടിയുള്ള പ്രവർത്തനം ഇന്ന് അപ്പസ്തോലിക് വിസിറ്റേറ്ററുടെ ചുമതലയിലായിരിക്കും. ഗ്രേറ്റ് ബ്രിട്ടനിലെ രൂപതയ്ക്കും യൂറോപ്പിനും പുറത്തുള്ള സീറോമലബാർ പ്രവാസികൾക്കുവേണ്ടി ഈ കമ്മീഷൻ തുടർന്നും പ്രവർത്തിക്കുന്നതാണ്. യൂറോപ്പിലെയും ഗ്രേറ്റ് ബ്രിട്ടനിലെയും പ്രവാസികൾക്കുവേണ്ടി ഈ കമ്മീഷൻ ചെയ്ത എല്ലാ പ്രവർത്തനങ്ങൾക്കും അതുവഴിയുണ്ടായ എല്ലാ വിജയങ്ങൾക്കും നന്ദി പറയുവാൻ ഈ അവസരം വിനിയോഗിക്കുന്നു.

നിയുക്ത പിതാക്കന്മാരുടെ മേലദ്ധ്യക്ഷശുശ്രൂഷയെ നമുക്കു കർത്താവിന്റെ കൃപയ്ക്ക് സമർപ്പിക്കാം. ദൈവജനം മുഴുവൻ അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും സഹായസഹകരണങ്ങൾ നൽകുകയും ചെയ്യണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. സഭാ ഗോത്രത്തിലുണ്ടായിരിക്കേണ്ട പരസ്പരസഹകരണത്തെക്കുറിച്ച് വിവിധ സഭകൾക്ക് വി. പൗലോസ് എഴുതിയിരിക്കുന്ന വാക്കുകൾ നിങ്ങളെയും ഞാൻ അനുസ്മരിപ്പിക്കുകയാണ്. "ആകയാൽ, നമുക്ക് അവസരം ലഭിച്ചിരിക്കുന്നതുകൊണ്ട് സകല മനുഷ്യർക്കും, പ്രത്യേകിച്ച്, വിശ്വാസത്താൽ ഒരേ കുടുംബത്തിൽ അംഗങ്ങളായവർക്ക്, നന്മ ചെയ്യാം" (ഗലാ. 6:10). "ഒരു അവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും പ്രശംസിക്കപ്പെടുന്നു" (1 കൊറി. 12:26).

കാരുണ്യവാനായ കർത്താവ് നിങ്ങളേവരേയും അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,

**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

---

NB:- ഈ ഇടയലേഖനം 2016 ഒക്ടോബർ 9 ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

**George Cardinal Alencherry**
**Major Archbishop**
**Syro-Malabar Church**

2 September 2016

Prot No. 1311/2016
**His Excellency**
**Mar Pauly Kannookadan**
**Bishop's House, P.B. No. 59**
**Irinjalakuda 680 121**

അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവേ,

നാലാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി 2016 ആഗസ്റ്റ് 28 ഞായറാഴ്ച ഇരിങ്ങാലക്കുട സഹൃദയ എൻജിനീയറിങ്ങ് കോളേജിൽ സമാപിച്ചപ്പോൾ എല്ലാവരുടെയും അധരങ്ങളിൽനിന്നും ഉയർന്ന വാക്ക് 'അതിമനോഹരം' എന്നായിരുന്നു. എല്ലാ അർത്ഥത്തിലും ഈ അസംബ്ലി മനോഹരമായിരുന്നു. വളരെ നാളത്തെ ഒരുക്കത്തിനുശേഷം തയ്യാറാക്കിയ കർമ്മപരിപാടിയുടെ അടിസ്ഥാനത്തിൽ കൃത്യനിഷ്ഠയോടെ, മൗണ്ട് സെന്റ് തോമസിലെയും, ഇരിങ്ങാലക്കുട രൂപതയിലെയും, സഹൃദയ എൻജിനീയറിങ്ങ് കോളേജിലെയും ഔദ്യോഗിക ഭാരവാഹികളുടെയും നമ്മുടെ സഭയിലെ എല്ലാ തലങ്ങളിലുമുള്ള വ്യക്തികളുടെയും സഹകരണത്തിലും പിതാവിന്റെ നേതൃത്വത്തിലുള്ള മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി കമ്മിറ്റിയുടെ പ്രത്യേക നേതൃത്വത്തിലും നടപ്പിലാക്കിയ അസംബ്ലിയുടെ എല്ലാ പരിപാടികളും വൻ വിജയമായിരുന്നു എന്ന് നിസ്സംശയം പറയാം.

സീറോമലബാർ സഭയിലെ പിതാക്കന്മാരുടെയും വൈദികരുടെയും സമർപ്പിതരുടെയും അത്മായരുടെയും സ്നേഹോഷ്മളമായ ഒരു കൂട്ടായ്മയായിരുന്നു നമ്മുടെ അസംബ്ലി. ജീവിതത്തിലെ ലാളിത്യം, കുടുംബത്തിലെ സാക്ഷ്യം, പ്രവാസികളുടെ ദൗത്യം എന്നീ വിഷയങ്ങളിൽ ആഴമായ പരിചിന്തനത്തിനും സഭയ്ക്കു തന്നെ പുതിയ ദിശാബോധം നൽകുന്ന തീരുമാനങ്ങൾക്കും അസംബ്ലിയിലെ ചർച്ചകൾ ഉപകരിച്ചു. അസംബ്ലിയിൽ ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങൾ തുടർന്നു നടന്ന സിനഡിന്റെ സമ്മേളനത്തിൽ ചർച്ച ചെയ്യുകയും അവ പ്രാവർത്തികമാക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങളും അതിനുവേണ്ട സംവിധാനങ്ങളും നടപ്പിൽ വരുത്തുന്നതിന്

ഉചിതമായ തീരുമാനങ്ങൾ എടുക്കുകയുമുണ്ടായി. അവ യഥാസമയം അഭിവന്ദ്യ പിതാക്കന്മാർവഴി സഭാമക്കളെ അറിയിക്കുന്നതാണ്.

അഞ്ഞൂറ്റിപത്ത് പ്രതിനിധികൾക്കു പുറമെ വലിയൊരു സംഖ്യ സംഘാടകരുമായി ഈ പ്രാവശ്യത്തെ അസംബ്ലി മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തുന്നതിന് വളരെയധികം പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെട്ട അവസരത്തിൽ വിശാലമനസ്ഥിതിയോടെ പിതാവ് മുന്നോട്ടു വരികയും സഹൃദയ എൻജിനീയറിങ്ങ് കോളേജ് വേദിയായി നിർദ്ദേശിക്കുകയും ചെയ്തു. പിതാവിന്റെ സംഘടനാ പാടവവും ഇരിങ്ങാലക്കുട രൂപതയിലെ മുഴുവൻ ദൈവജനത്തിന്റെ ത്യാഗപൂർണ്ണമായ സഹകരണവും പ്രത്യേകിച്ച്, സഹൃദയ എൻജിനീയറിങ്ങ് കോളേജധികൃതരുടെയും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും അർപ്പണബോധത്തോടുകൂടിയ സേവനവും അസംബ്ലിയെ വൻ വിജയമാക്കി. അസംബ്ലിയുടെ സാമ്പത്തികമായ ചെലവുകൾ മുഴുവനും ഇരിങ്ങാലക്കുട രൂപത തന്നെ വഹിക്കുവാൻ കാണിച്ച സന്മനസ്സിനെ പ്രത്യേകം എടുത്തു പറയാൻ ആഗ്രഹിക്കുന്നു. അഭിവന്ദ്യ പിതാവിനോടും സംഘാടനത്തിൽ സഹകരിച്ച എല്ലാവരോടും ഹൃദയം നിറഞ്ഞ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

**ഈ മാസം പിറന്നാളും തിരുന്നാളും ആഘോഷിക്കുന്ന വൈദികർ**

**Feast Day**

04. Fr. Joby Menoth
09. Fr. Joy Puthenveettil

**Birth day**

02. Fr. Varghese Pathadan
02. Fr. Liju Manjaprakaran
03 Fr. Tom Maliekal
05. Fr. Sanesh Thekethala
09. Msgr. Joseph Kavalakatt
10. Fr. Sebastian Ezhekadan
10. Fr. Varghese Vadakkepeedika
13. Fr. John Kavalakatt (Sr.)
14. Fr. Robin Palatty
19. Fr. Sebastian Valiyaveettil
22. Fr. Dinto Plackal
24. Fr. Joy Paliakkara
26. Fr. Jees Pakrath
28. Fr. Rocky Vazhappilly
28. Fr. Shabu Puthur
28. Fr. Jeo Kaitharath
30. Fr. Daison Kavalakat




1. **വിശുദ്ധ ദീപ്തിയിൽ ലോകം :** ഭാരതത്തിന്റെ അഭിമാനമായ കരുണയുടെ മാലാഖ മദർ തെരേസയെ വിശുദ്ധയായി കത്തോലിക്കാസഭയുടെ തലവനായ ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചു. വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ സെപ്തം. 4ന് രാവിലെ പ്രാദേശിക സമയം 10.30ന് സാർവ്വത്രികസഭയിലെ കർദ്ദിനാൾമാർ, മെത്രാപ്പോലീത്തമാർ, മെത്രാന്മാർ, വൈദികർ, സന്യസ്തർ, വിവിധ രാജ്യങ്ങളിൽ നിന്നുള്ള ഭരണനേതാക്കൾ, രണ്ടു ലക്ഷത്തോളം അല്മായർ എന്നിവരെ സാക്ഷി നിർത്തിയായിരുന്നു മദർ തെരേസയെ വിശുദ്ധ പദവിയിലേക്ക് ഉയർത്തിക്കൊണ്ടുള്ള മാർപാപ്പയുടെ പ്രഖ്യാപനം. മദർ തെരേസ ഇനി കൊൽക്കത്തയിലെ വിശുദ്ധ എന്നറിയപ്പെടും.

2 **ഫാ. ഹാമൽ രക്തസാക്ഷി പരമ്പരയുടെ ഭാഗം - ഫ്രാൻസിസ് മാർപാപ്പ :** ഫ്രാൻസിലെ റൂവനിൽ വിശുദ്ധ കുർബാനക്കിടെ ബലിപീഠത്തിൽ കഴുത്തറുത്ത് കൊല്ലപ്പെട്ട ഫാ. ഷാക് ഹാമൽ ക്രൈസ്തവ ചരിത്രത്തിൽ ഉടനീളമുള്ള രക്തസാക്ഷികളുടെ ശൃംഖലയിൽപ്പെട്ടയാളാണെന്നു ഫ്രാൻസിസ് മാർപാപ്പ. ഇസ്ലാമിക് സ്റ്റേറ്റി (ഐ.എസ്.) ലെ അംഗങ്ങളായ രണ്ടു യുവാക്കളാണ് ജൂലൈയിൽ ഫാ. ഹാമലിനെ വധിച്ചത്. ഫാ. ഹാമലിനെ അനുസ്മരിച്ചു സാന്താ മർത്ത ദേവാലയത്തിൽ മാർപാപ്പ ബുധനാഴ്ച ദിവ്യബലി അർപ്പിച്ചു. അതിനിടയിലെ പ്രസംഗത്തിലാണ് ഫാ. ഹാമലിനെ രക്തസാക്ഷിയായി വിശേഷിപ്പിച്ചത്. ക്രിസ്തുവിന്റെ ക്രൂശുമരണം അനുസ്മരിക്കുന്നതിനിടെ ഫാ. ഷാക് ഹാമൽ കൊല്ലപ്പെട്ടു. ഒരു നല്ല മനുഷ്യന്, ഒരു സാധു മനുഷ്യന്, എപ്പോഴും സമാധാനത്തിനായി ശ്രമിച്ച ഒരാൾ വധിക്കപ്പെട്ടു. ഇതു മതപീഡനത്തിന്റെ പൈശാചിക തന്ത്രുവാണ്. മാർപാപ്പ പറഞ്ഞു.

3 **ധ്രുവീകരണത്തേക്കാൾ സമന്വയമാണ് ആവശ്യം - കർദ്ദിനാൾ മാർ ആലഞ്ചേരി :** ആശയങ്ങളുടെ ധ്രുവീകരണത്തെക്കാൾ സമന്വയമാണ് സഭയ്ക്ക് ആവശ്യമെന്ന് സീറോമലബാർ സഭ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പ്രസ്താവിച്ചു. ഇരിങ്ങാലക്കുട രൂപതയിൽവച്ച് നടത്തപ്പെട്ട

നാലാമതു സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ ആമുഖപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ദൈവത്തിന്റെ മഹത്വവും സഭയുടെ നന്മയുമാകണം നമ്മുടെ ലക്ഷ്യം. സ്വന്തവീക്ഷണങ്ങൾ സമർത്ഥിക്കാനുള്ള വ്യഗ്രതയോ സ്വന്തം രൂപതയുടെയോ പ്രദേശത്തിന്റെയോ മാത്രമുള്ള നിലപാടുകളുടെ വക്താക്കളാകാനുള്ള പ്രേരണയോ ഉചിതമല്ല. വികാരങ്ങൾ വിചാരങ്ങളെ ഭരിക്കാൻ നാം അനുവദിക്കരുത്. എല്ലാ ഭിന്നസ്വരങ്ങളെയും അതിജീവിച്ച് കൂട്ടായ്മയുടെയും സ്നേഹത്തിന്റേതുമായ വഴിയിലൂടെയാണ് ഇന്നു സീറോമലബാർസഭ മുന്നോട്ടു നീങ്ങുന്നത്. ഏറെ അഭിമാനകരമായ ഈ അവസ്ഥ തുടരുന്നതിനും ഇളംതലമുറയ്ക്ക് നമ്മുടെ വിശ്വാസപാരമ്പര്യം പകർന്നു കൊടുക്കാൻ കരുത്താർജ്ജിക്കുന്നതിനും അസംബ്ലി കാരണമാകണം.

4 **കലുഷിത ജീവിതസാഹചര്യങ്ങളെ നേരിടാൻ കുട്ടികളെ സജ്ജരാക്കണം – സിനഡ് :** മാറുന്ന കാലഘട്ടത്തിൽ ജീവിത യാഥാർത്ഥ്യങ്ങളോടു കൂടുതൽ ബന്ധമുള്ളതും പ്രവൃത്തി കേന്ദ്രീകൃതവുമായ വിശ്വാസപരിശീലനം അനിവാര്യമാണെന്ന് സീറോമലബാർ സിനഡ്. കലുഷിതമായ ജീവിതസാഹചര്യങ്ങളെ ക്രിയാത്മകമായി നേരിടാൻ കുട്ടികളെ സജ്ജമാക്കുന്നതിനു വിശ്വാസപരിശീലന പദ്ധതികളെ നവീകരിക്കണം. എല്ലാ മതങ്ങളേയും ആദരവോടെ കാണാനും ജീവിതത്തിന്റെ വിഷമങ്ങൾ അനുഭവിക്കുകയും സമൂഹത്തിന്റെ മുഖ്യധാരകളിൽ നിന്നു തള്ളപ്പെടുകയും ചെയ്യുന്ന വ്യക്തികളെ നേരിട്ടറിയാനും വിശ്വാസപരിശീലനത്തിലൂടെ അവസരമുണ്ടാകണം.

5 **മദർ തെരേസ ക്രിസ്തുദൗത്യത്തിന്റെ ആനുകാലികഭാഷ്യം – കെ.സി.ബി.സി. :** ക്രിസ്തുവിന്റെ മിശിഹാദൗത്യത്തിന്റെ ആനുകാലിക ഭാഷ്യമാണ് വിശുദ്ധ പദവിയിലേക്കുയർത്തപ്പെടുന്ന മദർ തെരേസയെന്നു കെ.സി.ബി.സി. ഇടയലേഖനം. ദൈവകാരുണ്യത്തിനു മുഖവും കരങ്ങളും നൽകിയ മദറിനെ സഭ വിശുദ്ധയെന്നു വിളിക്കുമ്പോൾ അതു സഭയുടെയും സമൂഹത്തിന്റെ ഹൃദയവികാരമാവുകയാണെന്നും കെ.സി.ബി.സി. പ്രസിഡന്റ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ, വൈസ് പ്രസിഡന്റ് ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം, സെക്രട്ടറി ജനറൽ ബിഷപ് ഡോ. ജോസഫ് കരിയിൽ എന്നിവർ സംയുക്തമായി പുറപ്പെടുവിച്ച ഇടയ ലേഖനത്തിൽ പറയുന്നു.

**ഫാ. നെവിൻ ആട്ടോക്കാരൻ**



Bless A Home

# ബ്ലസ്സ് എ ഹോം

**ഒരു വീടിനെ അനുഗ്രഹിക്കൂ...**

ഇരിങ്ങാലക്കുട രൂപതയുടെ ബ്ലസ് എ ഹോം പദ്ധതിയിൽ നിന്ന് 1000 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേക്ക് ഇപ്പോൾ അഞ്ച് കോടി പതിനേഴ് ലക്ഷത്തി എഴുപത്തയ്യായിരത്തി അഞ്ഞൂറ് (5,17,75,500) രൂപ നൽകി. 2016 ഒരു ലക്ഷം സ്പോൺസേഴ്സ് പദ്ധതിയനുസരിച്ച് 100 രൂപ വീതം തന്നവർ = 4206

| | | |
|---|---|---|
| 1 | Joy Alukkas Foundation, Kochi | 20,000 |
| 2 | Jolsana Sebastian, Dubai | 15,000 |
| 3 | Rev.Fr.Vicar&Parishioners Our Lady of Dolours Church, IJK | 5,150 |
| 4 | A. V Davis, Mupliyam | 5,000 |
| 5 | Thaliyath Lonappan Charities, Irinjalakuda | 60,000 |
| 6 | Rev. Sr.Superior, Lioba Bhavan, Perambra | 5,000 |
| 7 | Shaju Valappan, Kallettumkara | 35,000 |
| 8 | Rev.Fr.Francis, Kodiyan | 1,00,000 |
| 9 | Joseph Kaliayankara, Irinjalakuda | 10,000 |
| 10 | Rev.Fr.Vicar& Parishioners, Kalvarykunnu | 5,000 |
| 11 | Lilly Paul, Avittathur | 6,000 |
| 12 | Jessy Louis Chelakattuparambil, Irinjalakuda | 6,000 |
| 13 | Paulson Vadassery Kodassery, Thazhoor | 10,000 |
| 14 | Rev.Fr.Vicar & Parishioners of St. Mary's Church, Thazhoor | 25,000 |
| 15 | Ronal Stanly Chinnikkara, Irinjalakuda | 10,000 |
| 16 | Saji Paul Ambookan, Puthenchira | 15,000 |
| 17 | Mary Jose Edattukaran, Thazhoor | 5,000 |
| 18 | Dasan Nettikkadan & Family North, Chalakudy | 30,000 |
| 19 | Joe Antony & Delna Joe Chettupuzhakaran, Mapranam | 5,000 |
| 20 | Y's Men Club, Pullur | 5,000 |
| 21 | Spirituality Centre, Irinjalakuda | 6,400 |
| 22 | Poulose P A Panthalookaran, Ponnookara | 15000 |
| 23 | Xavier K. I Kolangara, Xaviur | 5000 |

**ഫാ. സീജോ ഇരിമ്പൻ**
മാനേജിംഗ് ട്രസ്റ്റി

# പാസ്റ്ററൽ കൗൺസിൽ

## 14-ാം പാസ്റ്ററൽ കൗൺസിൽ 2-ാം സമ്മേളനം
## 2016 ഡിസംബർ 10 ശനി

ഇരിങ്ങാലക്കുട രൂപത സ്ഥാപിതമായതിന്റെ റൂബി ജൂബിലി നിറവിലേക്ക് നമ്മൾ പ്രവേശിക്കുകയാണല്ലോ. റൂബി ജൂബിലിക്ക് ഏറ്റവും അടുത്ത ഒരുക്കത്തിന്റെ വർഷം (2016 നവംബർ 20 - 2017 സെപ്തംബർ 10) അനുരഞ്ജന വർഷമായി ആചരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ 2016 ഡിസംബർ 10-ാം തിയ്യതി 2-ാം ശനിയാഴ്ച നടത്തപ്പെടുന്ന 14-ാം പാസ്റ്ററൽ കൗൺസിലിന്റെ 2-ാം സമ്മേളനത്തിൽ പഠനവിഷയമായി എടുത്തിരിക്കുന്നത് "ജീവിതവിശുദ്ധീകരണം അനുരഞ്ജനത്തിലൂടെ" എന്നതാണ്. താഴെ കൊടുത്തിരിക്കുന്ന വിചിന്തനങ്ങളും ചോദ്യങ്ങളും ഇടവക തലത്തിൽ ചർച്ച ചെയ്ത് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഫൊറോന കൗൺസലിന് അയച്ച് കൊടുക്കുകയും ഫൊറോന കൗൺസിൽ അത് പഠിച്ച് സംക്ഷിപ്ത റിപ്പോർട്ട് ഡിസംബർ 10ന് നടക്കുന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ ഫൊറോന കൗൺസിൽ സെക്രട്ടറിമാർ (5 മിനിറ്റ്) മാത്രം അവതരിപ്പിക്കേണ്ടതാണ്.

വിഷയം : **"ജീവിതവിശുദ്ധീകരണം അനുരഞ്ജനത്തിലൂടെ"**

ഫ്രാൻസിസ് പാപ്പാ, സുവിശേഷത്തിന്റെ സന്തോഷം എന്ന അപ്പസ്തോലിക ആഹ്വാനം 1.3ൽ പറയുന്നു "നാം നഷ്ടപ്പെടുമ്പോഴെല്ലാം അങ്ങിലേക്ക് തിരിച്ച് ചെല്ലുന്നത് എത്രയോ നല്ല അനുഭവമാണ്. ഒരിക്കൽക്കൂടി ഞാൻ പറയട്ടെ : നമ്മോട് ക്ഷമിക്കുന്നതിൽ ദൈവം ഒരിക്കലും ക്ഷീണിതനാകുന്നില്ല. അവിടുത്തെ കാരുണ്യം തേടുന്നതിൽ ക്ഷീണിതരാകുന്നത് നമ്മളാണ്". അനുരഞ്ജനം ഒരു തിരിച്ച് വരവാണ്; ധൂർത്തപുത്രനെപ്പോലെ പിതൃഭവനത്തിലേക്ക്, പിതാവിന്റെ സ്നേഹ ആശ്ലേഷത്തിലേക്ക് തുടർന്നുള്ള സ്നേഹകൂട്ടായ്മയിലേക്ക്. ബന്ധങ്ങളിൽ വിള്ളലുകൾ സംഭവിച്ചിടത്ത് ഒരു വിളക്കിച്ചേർക്കൽ അനിവാര്യമാണ്. ഈ വിളക്കിച്ചേർക്കലാണ് അനുസരണനം. 3 തലങ്ങളിലുള്ള ബന്ധങ്ങളിലാണ് ഈ വിളക്കിച്ചേർക്കൽ വേണ്ടത്.

1. ദൈവവുമായുള്ള ബന്ധത്തിൽ
2 സഹജീവികളുമായുള്ള ബന്ധത്തിൽ
3 പ്രകൃതിയുമായുള്ള അനുരഞ്ജനം

**1. ദൈവവുമായുള്ള അനുരഞ്ജനം**

വിചിന്തനം : വെളിപാടിന്റെ പുസ്തകം 2:4ൽ വായിക്കുന്നു "നിനക്ക് ആദ്യമുണ്ടായിരുന്ന സ്നേഹം നീ കൈവെടിഞ്ഞു. അതിനാൽ നീ ഏതവസ്ഥയിൽനിന്നാണ് അധഃപതിച്ചതെന്ന് ചിന്തിക്കുക, അനുതപിച്ച് ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക" ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവവുമായുള്ള സൗഹൃദം നഷ്ടപ്പെടുത്തിയ നിമിഷമാണ് അനുസരണക്കേടിന്റെ ആദ്യപാപം. ഏദനിൽ ആരംഭിച്ച ആ ധിക്കാരം ഇന്നും ആവർത്തിച്ച്കൊണ്ടേയിരിക്കുന്നു. ദൈവം മനുഷ്യനെ തേടി യിറങ്ങുന്നു. മനുഷ്യൻ ദൈവത്തിൽനിന്ന് ഓടിയകന്ന് മറഞ്ഞിരിക്കാൻ ആഗ്രഹിക്കുന്നു. ഈ ബന്ധം ഒന്ന് കൂടെ ഊഷ്മളമാക്കപ്പെടേണ്ട കാലഘട്ടമാണിത്. വിശ്വാസത്തെ കാറ്റിൽ പറത്തുന്ന, മൂല്യങ്ങൾക്ക് സ്ഥാനമില്ലാത്ത, പുണ്യങ്ങൾ പഴങ്കഥയാകുന്ന കാലത്തിൽ വിപരീത മായി ഒഴുകാൻ ആഗ്രഹിക്കുന്ന രൂപതയ്ക്ക് എങ്ങനെ സാക്ഷ്യമേകാം.

**ചോദ്യം**

1 ദൈവവുമായുള്ള ബന്ധം വിളക്കിച്ചേർക്കാൻ ഒരു ക്രൈസ്തവൻ എന്ന നിലയിൽ എന്റെ കടമകൾ?

2 ദൈവവചനത്തിന്റെ തിരസ്ക്കരണമായിരുന്നു ആദ്യ പാപമെങ്കിൽ എങ്ങനെ വചനത്തിലൂടെ ഒരു തിരിച്ച് വരവ് സാധ്യമാക്കാം?

3 അനുരഞ്ജനകൂദാശ സ്വീകരണം കാര്യക്ഷമമാക്കാൻ ഇടവക തലത്തിൽ എന്തെല്ലാം നടപ്പിൽ വരുത്തണം.

**2 സഹജീവികളുമായുള്ള അനുരഞ്ജനം**

"നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദ രന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെവച്ച് ഓർത്താൽ, കാഴ്ചവസ്തു അവിടെ ബലിപീഠത്തിന് മുമ്പിൽ വച്ചിട്ട് പോയി സഹോദരനോട് രമ്യതപ്പെടുക, പിന്നെ വന്ന് കാഴ്ചയർപ്പി ക്കുക" (മത്താ. 5:23-24). അനുരഞ്ജനം ബലിയേക്കാൾ ശ്രേഷ്ഠമാണ്. കാലത്തിന്റെ കുത്തൊഴുക്കിൽ ഒരേ ഗർഭപാത്രത്തിൽ കിടന്നവർ മുതൽ പാതിവഴിയിൽ കണ്ട് മുട്ടി പിരിഞ്ഞവർ വരെ ബന്ധങ്ങളിൽ ഉലച്ചിലും തകർച്ചയും നേരിട്ടുണ്ടാവും. അണയാത്ത കനലായി ഇന്നും ബന്ധങ്ങൾ പൊട്ടിയിട്ടുണ്ടെങ്കിൽ വിളക്കിച്ചേർക്കേണ്ട സമയമാണ്. ശവമഞ്ചത്തിൽ കിടക്കുന്നവനെ ഒരു നോക്ക് കണ്ട് അന്തിമോപചാരം അർപ്പിക്കാൻ തിക്കും തിരക്കും കൂട്ടുന്നതിലും എത്രയോ അഭികാമ്യം ജീവനുള്ളപ്പോൾ അവനെ ഒന്ന് ചേർത്ത് പിടിച്ച് ആശ്ലേഷിക്കുന്നത്.

കർത്താവ് കായേനോട് ചോദിച്ചു "നിന്റെ സഹോദരൻ ആബേൽ എവിടെ?" ഉൽപ്പത്തി 4:9. ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരൻ കൂടിയാണ്. കാവൽക്കാരന് ജാഗ്രത വേണം, അവന്റെ ആത്മാവിനെ പ്രതിയും, ഒരുപക്ഷെ അവനായിരിക്കും ബന്ധങ്ങളുടെ വിള്ളലുകൾക്ക് കാരണക്കാരൻ. പക്ഷെ, അവന്റെ ആത്മാവിന്റെ കാവൽക്കാരൻ ഞാൻ കൂടിയായതുകൊണ്ട് അനുരഞ്ജനം അനിവാര്യമാണ്. രമ്യതപ്പെട്ടവന്റെ മുഖമാണ് സക്കേവൂസ്. ലൂക്കാ 19:8ൽ പറയുന്നു. ആരുടെയെങ്കിലും വക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ നാലിരട്ടിയായി തിരിച്ച് കൊടുക്കുന്നു. തിരിച്ച് കൊടുക്കാം, തട്ടിച്ചെടുത്തത്, കള്ള ത്രാസിലൂടെ തൂക്കി മാറ്റിയത്, വരമ്പ് കിളച്ച് എടുത്തത്, പത്തൽ മാറ്റി കുത്തിയത് എല്ലാം. അനുരഞ്ജനം സഹോദരനുമായിട്ടും സംഭവിക്കട്ടെ.

**ചോദ്യം**

1 അനുരഞ്ജനം കുടുംബബന്ധങ്ങളിൽ എങ്ങനെ കൈവരിക്കാം.
2 അനുരഞ്ജന സമൂഹത്തിൽ (അയൽപ്പക്ക ബന്ധങ്ങളിൽ കുടുംബകൂട്ടായ്മകളിൽ, ഇടവക തലത്തിൽ)
3 അനുരഞ്ജന സമിതികൾ ഇടവക തലത്തിൽ പ്രസക്തമായത് എത്രമാത്രം പ്രായോഗികമാണ്?

**3 പ്രകൃതിയുമായുള്ള അനുരഞ്ജനം**

ഉൽപ്പത്തി 2:15ൽ നാം വായിക്കുന്നു "ഏദേൻ തോട്ടം കൃഷി ചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി". മനുഷ്യന്റെ സ്വാർത്ഥതയും അമിത ലാഭേച്ഛയും മനുഷ്യനെ പ്രകൃതിയിൽ നിന്ന് അകറ്റി. സംരക്ഷിക്കേണ്ടവൻ ഘാതകനായി മാറിയപ്പോൾ ഭൂമിയിൽനിന്ന് കരച്ചിൽ ഉയർന്നു. ഭൂമി മനുഷ്യന് ഫലം നൽകാതെയായി. ഉൽപ്പത്തി :10-12ൽ നാം വീണ്ടും വായിക്കുന്നു. എന്നാൽ കർത്താവ് പറഞ്ഞു : "നീയെന്താണ് ചെയ്തത്? നിന്റെ സഹോദരന്റെ രക്തം മണ്ണിൽനിന്ന് എന്നെ വിളിച്ച് കരയുന്നു. നിന്റെ കൈയിൽനിന്ന് നിന്റെ സഹോദരന്റെ രക്തം കുടിക്കാൻ വായ് പിളർന്ന ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും, കൃഷി ചെയ്യുമ്പോൾ മണ്ണ് നിനക്ക് ഫലം തരികയില്ല. നീ ഭൂമിയിൽ അലഞ്ഞ് തിരിയുന്നവനായിരിക്കു". നോഹിന്റെ കാലത്തെ ജല പ്രളയം മറ്റൊരു ഓർമ്മപ്പെടുത്തൽ കൂടിയാണ്. പ്രകൃതിയെ സ്നേഹിക്കാം.

**പ്രകൃതിയെ സംരക്ഷിക്കാം.**

ചോദ്യം :

1 പ്രകൃതിയെ ചൂഷണം ചെയ്തതിന്റെ ഫലമായി ഉണ്ടായ ദോഷഫലങ്ങൾ ഏവ?

2 പ്രകൃതിയെ സംരക്ഷിക്കാം. കുടുംബതലത്തിലും ഇടവക തലത്തിലും പ്രസക്തമായ ഒരു പദ്ധതി?

3 ഇളം തലമുറയിലേക്ക് എങ്ങനെ പ്രകൃതിസ്നേഹം 'ഗ്രാഫ്റ്റ്' ചെയ്ത് പിടിപ്പിക്കാം.

ഒക്ടോബർ മാസത്തിൽ ഫൊറോന കൗൺസിൽ സെക്രട്ടറിമാരുടെ യോഗം ഉണ്ടായിരിക്കുന്നതാണ്. തിയ്യതി പിന്നീട് അറിയിക്കുന്നതാണ്.

സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**ഫാ. ജോർജ്ജ് പാറേമാൻ**
ജന. സെക്രട്ടറി

**ദീപക് ജോസഫ്**
സെക്രട്ടറി

**ശ്രീമതി റീന ഫ്രാൻസിസ്**
ജോ. സെക്രട്ടറി

## ബി. എൽ. എം. ധ്യാനകേന്ദ്രം

**ഒക്ടോബർ മാസത്തിലെ താമസിച്ചുള്ള ധ്യാനങ്ങൾ**

| | | |
|---|---|---|
| **6, 7, 8, 9** | : | **യുവജന ധ്യാനം** |
| **9, 10, 11, 12** | : | **ദമ്പതി ധ്യാനം** |
| **20, 21, 22, 23** | : | **ആന്തരീകസൗഖ്യധ്യാനം** |
| **27, 28, 29, 30** | : | **ആന്തരീകസൗഖ്യധ്യാനം** |

**മറ്റു ശുശ്രൂഷകൾ**

* **ഏകദിന കൺവെൻഷൻ :** എല്ലാ വ്യാഴാഴ്ചകളിലും രാവിലെ 9.30 മുതൽ വൈകീട്ട് 3.30 വരെ.
* **ജാഗരണ പ്രാർത്ഥന :** രണ്ടാം ഞായറാഴ്ച (09.10.2016) വൈകീട്ട് 7 മുതൽ തിങ്കളാഴ്ച പുലർച്ചെ 12.00 വരെ.
* **വിധവകൾക്കും ഏകസ്ഥർക്കുമുള്ള ഏകദിനധ്യാനം :** രണ്ടാം തിങ്കളാഴ്ച (10.10.2016) രാവിലെ 10 മുതൽ വൈകീട്ട് 3.30 വരെ

**ഫാ. നിക്സൻ ചാക്കോര്യ**
ഡയറക്ടർ

# മതബോധനം

1. **മതബോധന അർദ്ധവാർഷിക പരീക്ഷ**

| | | |
|---|---|---|
| Std VIII-XII | ഒക്ടോബർ 9 ഞായർ | 2.00pm - 4.00pm |
| Std I-VII | ഒക്ടോബർ 16 ഞായർ | 2.00pm - 4.00 pm |

2. **കയ്യെഴുത്തുമാസിക**

കയ്യെഴുത്തുമാസികയുടെ പേരുകൾ രജിസ്ട്രേഷൻ ചെയ്യേണ്ട അവസാന തിയതി ഒക്ടോബർ 31 തിങ്കളാഴ്ചയാണ്. മത്സരം ഡിസംബർ 4-ാം തിയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെ ആയിരിക്കും. കയ്യെഴുത്തുമാസിക മത്സര നിബന്ധനകൾ മതബോധന ഡയറിയിൽ (പേജ് 28, 29) നൽകിയിരിക്കുന്നു. കൃത്യമായി പാലിക്കേണ്ടതാണ്.

3 **Std X-XII വാർഷിക പരീക്ഷ രജിസ്ട്രേഷൻ**

Std X, XII വാർഷിക പരീക്ഷ Online Registration ആയിരിക്കും. വിദ്യാജ്യോതിയുടെ വെബ്സൈറ്റായ **www.vidyajyotiijk.com**-ൽ രജിസ്ട്രേഷൻ നടത്താനുള്ള സൗകര്യം ഉണ്ട്. User Nameഉം Passwordഉം കഴിഞ്ഞ വർഷത്തെ മതബോധനത്തിന്റേതു തന്നെയായിരിക്കും. സഹകരണം പ്രതീക്ഷിക്കുന്നു. നവംബർ 2ന് രജിസ്ട്രേഷൻ ആരംഭിക്കുന്നു. അവസാന തിയതി നവംബർ 30 ആയിരിക്കും. നവംബർ 2 വരെയുള്ള ക്ലാസ്സുകളിൽ 80% ഹാജരും, അർദ്ധവാർഷിക പരീക്ഷക്ക് 35% മാർക്കുള്ളവരുടെ പേരുകളാണ് രജിസ്റ്റർ ചെയ്യേണ്ടത്. രജി. ഫീസ് 20 രൂപയും Online Registration-ന്റെ ഒരു പ്രിന്റ് കോപ്പിയും മതബോധനകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്. അർദ്ധവാർഷിക പരീക്ഷ എഴുതിയവർക്കു മാത്രമേ Online രജിസ്ട്രേഷൻ ചെയ്യാൻ പാടുള്ളൂ. Online Registration ചെയ്യു മ്പോൾ അക്ഷരതെറ്റ് വരാതിരിക്കാനും ജനന തിയതി, മാമ്മോദീസ തിയതികളിൽ തെറ്റുവരാതിരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. Mentally Challenged ആയ കുട്ടികളുടെ പേരുകൾ Online Registration-ൽ ചേർക്കരുത്. പകരം തന്നിരിക്കുന്ന ഫോമിൽ ഡിസംബർ 30-ാം തിയതിക്കുള്ളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

4 **ശെമ്മാശന്മാരുടെ സമ്മേളനം :** ഒക്ടോബർ 23-ാം തിയതി ഞായറാഴ്ച ഉച്ചതിരിഞ്ഞ് 2 മുതൽ 4 വരെ രൂപതാഭവനത്തിൽ

മതബോധനം നടത്തുന്ന ശെമ്മാശന്മാരുടെ സമ്മേളനം നടത്തുന്നതാണ്.

5 **ബൈബിൾ കലോത്സവം**

രൂപതാതല ബൈബിൾ കലോത്സവ രചനാമത്സരങ്ങൾ ഒക്ടോബർ 10ന് ഇരിങ്ങാലക്കുട സെന്റ് മേരീസ് സ്കൂളിൽവച്ചും, കലാമത്സരങ്ങൾ നവംബർ 12-ാം തിയ്യതി ക്രൈസ്റ്റ് കോളേജിലും നടക്കുന്നതാണ്.

**ഫാ. ടോം മാളിയേക്കൽ**
ഡയറക്ടർ

## ബൈബിൾ അപ്പസ്തോലേറ്റ്

1 **ലോഗോസ് ക്വിസ് പരീക്ഷ**

സെപ്തംബർ 25ന് നടത്തപ്പെട്ട ലോഗോസ് ക്വിസ് പരീക്ഷയിൽ പങ്കെടുത്തവർക്കും, പരീക്ഷ നടത്തിപ്പിന് സഹായിച്ച എല്ലാ വർക്കും പ്രത്യേകം നന്ദി.

2 **ലോഗോസ് ക്വിസ് മൂല്യനിർണ്ണയം**

ഒക്ടോബർ 11, 12 (ചൊവ്വ, ബുധൻ) തിയതികളിൽ രാവിലെ 9 മണിക്ക് ലോഗോസ് ക്വിസ് പരീക്ഷ യുടെ ഉത്തരകടലാസുകൾ നോക്കുന്നതിനായി ഓരോ യൂണിറ്റിൽ നിന്നും മൂന്ന് അദ്ധ്യാപക രെയെങ്കിലും നിർബന്ധമായും വിദ്യാജ്യോതിയിലേക്ക് അയയ്ക്കണ മെന്ന് താൽപര്യപ്പെടുന്നു.

3 **ലോഗോസ് ക്വിസ് റിസൾട്ട്**

ഒക്ടോബർ 31 തിങ്കളാഴ്ച മുതൽ ലോഗോസ് ക്വിസ് പരീക്ഷയുടെ റിസൽട്ട് വെബ്സൈറ്റിൽ (www.logosquiz.org) പ്രസിദ്ധീകരിക്കു ന്നതാണ്. അതാത് യൂണിറ്റുകൾക്ക് അവരുടെ യൂസർ നെയിമും പാസ്‌വേർഡും ഉപയോഗിച്ച് വെബ്സൈറ്റിൽനിന്ന് പ്രിന്റ് എടു ക്കാവുന്നതാണ്. മാർക്ക് സംബന്ധമായ എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ നവംബർ 17-ാം തിയ്യതിക്കുമുമ്പ് ഓഫീസിൽ അറി യിക്കേണ്ടതാണ്. ഓരോ വിഭാഗത്തിലും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് സംസ്ഥാന തലത്തിൽ മത്സരിക്കാൻ അർഹതയുണ്ടായിരിക്കും.

**ഫാ. ജോജു കോക്കാട്ട്**
ഡയറക്ടർ

## സെന്റ് പോൾസ് മൈനർ സെമിനാരി

1 **മാതാവിന്റെ ജനനതിരുനാൾ ആഘോഷിച്ചു :** മാതാവിന്റെ ജനനതിരുനാളായ സെപ്തംബർ 8 വ്യാഴാഴ്ച ആഘോഷമായ ദിവ്യബലിയും ജപമാലയും ഗ്രോട്ടോയിൽവച്ച് നടത്തപ്പെട്ടു. സെമിനാരി റെക്ടർ ഫാ. വിൻസെന്റ് പാറയിൽ ബലിയർപ്പിച്ചു. ഫാ. പ്രീഫെക്ട് ഫാ. നൗജിൻ വിതയത്തിൽ വചനസന്ദേശം നൽകി.

2 **ഓണാഘോഷം നടത്തി :** സെമിനാരിയിലെ ഓണം ആഘോഷം സെപ്തംബർ 8 വെള്ളിയാഴ്ച വൈകിട്ട് നടത്തപ്പെട്ടു. അഭിവന്ദ്യ പോളി പിതാവിനും മാവേലി മന്നനും സെമിനാരി കുടുംബം സ്വീകരണം നൽകി. തുടർന്നുള്ള പൊതുമീറ്റിങ്ങിൽ വച്ച് അഭിവന്ദ്യ പോളി പിതാവ് ഓണക്കളികളിൽ വിജയികളായവർക്ക് സമ്മാനദാനം നടത്തി. തുടർന്ന് ഒന്നാംവർഷ വൈദിക വിദ്യാർത്ഥികളുടെ ഓണപ്രോഗ്രാം 'ശ്രാവണം 2016' നടത്തപ്പെട്ടു. അതിനുശേഷം എല്ലാവരും ഓണസദ്യയിലും പങ്കുചേർന്നു.

3 **അക്കാദമി നടത്തി :** സെപ്തംബർ 21 ബുധനാഴ്ച വൈദിക വിദ്യാർത്ഥികൾക്കായി അക്കാദമിയും Extension Lecture ഉം സംഘടിപ്പിക്കപ്പെട്ടു.

4 **വി. വിൻസന്റ് ഡി. പോളിന്റെ തിരുനാൾ ആഘോഷിച്ചു** സെമിനാരി റെക്ടർ ഫാ. വിൻസന്റ് പാറയിലിന്റെ സ്വർഗ്ഗീയ മധ്യസ്ഥനായ വി. വിൻസന്റ് ഡി. പോളിന്റെ തിരുനാൾ സെപ്തംബർ 27ന് സെമിനാരി കുടുംബം ഒന്നു ചേർന്ന് ആഘോഷിച്ചു. അന്നേദിവസം വൈകിട്ടുള്ള ദിവ്യബലിക്ക് റെക്ടറച്ചൻ കാർമ്മികത്വം വഹിച്ചു. തുടർന്ന് കേക്ക് മുറിക്കുകയും വൈദികരും വൈദിക വിദ്യാർത്ഥികളും അച്ചന് ആശംസകൾ അർപ്പിച്ചു കൊണ്ട് സംസാരിക്കുകയും ചെയ്തു.

5 **ലോഗോസ് ക്വിസ് പരീക്ഷ നടത്തി :** സെപ്തംബർ 25-ാം തിയ്യതി ഞായറാഴ്ച അഖിലകേരള ലോഗോസ് ക്വിസ് പരീക്ഷയിൽ വൈദിക വിദ്യാർത്ഥികൾ എല്ലാവരും പങ്കെടുത്തു.

**സാമ്പത്തികസഹായം നൽകിയവർ**

| | | |
|---|---|---|
| 1 | K.I. Joy Kannamkunny (H), Kallettumkara | 25,000 |
| 2 | Mrs. Margily Antony, Maliakal (H), Irinjalakuda | 25,000 |
| 3 | Tony Baby Kannampuzha (H), Potta | 25,000 |
| 4 | M.J. Paul, Maliekal Koonan (H), Irinjalakuda | 25,000 |

**ഫാ. വിൻസന്റ് പാറയിൽ**
റെക്ടർ

# സെന്റ് ജെയിംസ് ഹോസ്പിറ്റൽ

## One Rupee - One Life

**നല്കാനാവുമോ ഒരു രൂപ? ഒരു ജീവൻ രക്ഷിക്കാനാ.....**

സ്നേഹ ബഹു. അച്ചാ, സിസ്റ്റർ, സുഹൃത്തേ,

നമ്മളനുഭവിക്കാത്ത വേദനകൾ നമ്മെ സംബന്ധിച്ചിടത്തോളം കേൾവിക്കഥകൾ മാത്രമാണ്. പക്ഷെ അതനുഭവിക്കുന്നവരെ സംബന്ധിച്ചിടത്തോളം അതിഭീകരവും. വൃക്കരോഗത്തിന്റെ കാര്യത്തിൽ ഏറെ സത്യമാണിത്. വൃക്കദാനവും ശസ്ത്രക്രിയയും വാർത്തയാകുന്ന ഈ കാലത്ത് നമ്മളോർക്കാതെ പോകുന്ന ചില മനുഷ്യരുണ്ട്. വൃക്കദാനം ചെയ്യാൻ ഡോണറെ ലഭിക്കാതെ പോകുന്ന ചില പാവം മനുഷ്യർ. അവർക്ക് പിന്നെ ആകെ ആശ്രയം ഡയാലിസിസ് മാത്രം. പക്ഷെ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം പറയുന്ന പോലെ എളുപ്പമല്ല കാര്യങ്ങൾ.

ഒരു ഡയാലിസിസിന് വരുന്ന ചിലവ് ഏകദേശം 1300 രൂപയോളം. മിക്കവാറും പേർക്കും ആഴ്ചയിൽ 03 ഡയാലിസിസ് ചെയ്യേണ്ടിവരും. അതായത് ഒരു മാസം ചെയ്യേണ്ട ഡയാലിസിസുകളുടെ എണ്ണം പതിനഞ്ചോളം. കൂടാതെ നിത്യേന ഉപയോഗിക്കേണ്ട മരുന്നുകളുടെ തുക കൂടി ചേരുമ്പോൾ അത് പാവപ്പെട്ടവന്റെ നടുവൊടിയുന്ന തുകയായി മാറുന്നു. പകലന്തിയോളം പണിയെടുത്താൽ വീട്ടിലെ നാലഞ്ചു പേരുടെ ചിലവു കഴിയാൻ മാത്രം തികയുന്ന പട്ടിണിപ്പാവങ്ങൾക്ക് സ്വന്തം ജീവിതം മുന്നോട്ട് കൊണ്ടുപോകുവാനുള്ള ഈ തുക എവിടുന്ന് കണ്ടെത്താൻ?

ഇത്തരമൊരു സാഹചര്യത്തിലാണ് പാവപ്പെട്ടവന്റെ കരം പിടിക്കണമെന്ന ഉറച്ച ബോധ്യത്തോടെ 'സൗജന്യ ഡയാലിസിസ്' എന്ന മഹത്തായ ലക്ഷ്യം സ്വപ്നമാക്കി സെന്റ് ജെയിംസ് ആശുപത്രി 'റീനൽ കെയർ മിഷൻ' എന്ന സംരംഭം ആരംഭിക്കുന്നത്. 2008 സെപ്റ്റംബറിൽ മൂന്ന് മെഷീനുകളിലായി ആരംഭിച്ച ഡയാലിസിസ് സംരംഭം ഇന്ന് 10 മെഷീനുകളിൽ 03 ഷിഫ്റ്റുകളിലുമായി 30-ളം ഡയാലിസിസ് ദിവസേന നടക്കുന്ന ബൃഹത്തായ പദ്ധതിയിലേക്കെത്തി നില്ക്കുന്നു.

ഒരു ഡയാലിസിസിനു ചിലവായി വരുന്ന ഏകദേശം 1300 രൂപയിൽ 550 രൂപ ആശുപത്രി സബ്സിഡിയായും 550 രൂപ നിങ്ങളേപ്പോലുള്ള സുമനസ്സുകളുടെ ഔദാര്യപൂർണ്ണമായ സഹകരണം

വഴിയും ഡയലൈസറും, ഇൻജക്ഷനും മറ്റും വേണ്ടി വരുന്ന 200 രൂപ രോഗികളിൽ നിന്നും (ഇതും ചിലപ്പോൾ സൗജന്യമായി നല്കുന്നു) ആണ് ലഭിക്കുന്നത്. ഒരു ദിവസം 30 ഡയാലിസിസ് എന്ന നിലയിൽ ഒരു വർഷം നടക്കുന്നത് 9000 ൽ പരം ഡയാലിസിസ്. ഇതിനു വേണ്ടി വരുന്ന തുകയാവട്ടെ 1 കോടി 17 ലക്ഷം രൂപയിലധികവും. ഇതിൽ 49,50,000 രൂപ ആശുപത്രി സബ്സിഡി വഴി ലഭിക്കുന്നു. പിന്നെയുള്ള 49,50,000 രൂപ റീനൽ കെയർ മിഷൻ വഴി കണ്ടെത്തുന്നു.

നിങ്ങളേപ്പോലുള്ള ഒരുപാട് സുമനസ്സുകളുടെ ഔദാര്യപൂർവ്വകമായ സഹകരണം കൊണ്ടാണ് റീനൽ കെയർ മിഷൻ ഇത്രയും വളർച്ച പ്രാപിച്ചത്. നാളിതുവരെ റീനൽ കെയറിനു വേണ്ടി നിങ്ങൾ ചെയ്ത എല്ലാ നന്മകൾക്കും നന്ദി. അതിലും വലിയ കാര്യമെന്നത് നിങ്ങൾ വഴി ആശ്വാസം ലഭിച്ച വൃക്കരോഗികളുടെ പ്രാർത്ഥന നിങ്ങളോടു കൂടി ഉണ്ടെന്നുള്ള ഉറപ്പാണ്.

വൃക്കരോഗികളുടെ എണ്ണം ഓരോ ദിനവും വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഈയവസരത്തിൽ റീനൽ കെയറിന്റെ പ്രവർത്തനം കൂടുതൽ സജീവമാക്കേണ്ടതുണ്ട്. അതിനുള്ള ഒരു പുതിയ പദ്ധതി സന്തോഷത്തോടെയും ഒപ്പം ഒത്തിരി പ്രത്യാശയോടെയും നിങ്ങളുടെ മുമ്പിൽ പരിചയപ്പെടുത്തുകയാണ്. "One Rupee - One Life" Save one Rupee and Save one life. നിങ്ങൾ ഒരു ദിവസം വെറും ഒരു രൂപ മാറ്റി വക്കാൻ കഴിയുമോ? അങ്ങനെയെങ്കിൽ അത് ഒരു വർഷം 365 രൂപയാകും. 4 അംഗങ്ങളുള്ള ഒരു കുടുംബം ഇപ്രകാരം ചെയ്താൽ ലഭിക്കുന്നത് ഒരു ഡയാലിസിസിനുള്ള മുഴുവൻ തുക. നിങ്ങൾ മാറ്റി വയ്ക്കുന്ന നിസാ രമായ ആ തുകക്ക് ഒരു ജീവൻ നിലനിർത്താൻ കഴിയുമെന്ന വലിയ സത്യം തിരിച്ചറിയാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. പാവപ്പെട്ട ചില ജീവിതങ്ങൾ നിങ്ങളുടെ മുമ്പിൽ കൈകൂപ്പി നില്ക്കുകയാണ്. ചെറുതെങ്കിലും ഓരോ ജലത്തുള്ളികളും ചേർന്നീട്ടാണ് അരുവിയും പുഴയും കടലും ഉണ്ടാവുന്നത്. നിസാരമെന്ന് കരുതി ഓരോ തുള്ളിയും മാറിനിന്നാൽ ഒന്നും ഉണ്ടാവില്ല. ദാഹജലം കിട്ടാതെ ഒരുപാട് മനുഷ്യർ മരിക്കും. നിങ്ങൾ നല്കുന്ന ഓരോ രൂപയ്ക്കും വിലയുണ്ട്. ഒരു ജീവന്റെ വില.

ഞാൻ രോഗിയായിരുന്നു. നിങ്ങൾ എന്നെ പരിചരിച്ചു. (മത്താ: 25:36) എന്ന തമ്പുരാന്റെ വചനം നമ്മുടെ ഹൃദയങ്ങളോട് ചേർത്തു വയ്ക്കാം. ഈ ചെറിയവരിൽ ഒരുവനു നിങ്ങൾ ഇത് ചെയ്ത് കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തു തന്നത് എന്ന ദൈവവ

ചനം പൂർത്തീകരിക്കാനും പാവപ്പെട്ട വൃക്കരോഗികളിൽ ദൈവത്തെ ക്കാണാനും അവരെ ശുശ്രൂഷിക്കാനും നമുക്ക് ശ്രമിക്കാം.

One Rupee - One Life പദ്ധതിയിലേക്ക് നിങ്ങൾ ഏവരുടേയും സഹായം അഭ്യർത്ഥിക്കുന്നു. ഒത്തിരി പ്രതീക്ഷയോടെ അതിലേറെ സ്നേഹത്തോടെ,

**ഫാ. വർഗ്ഗീസ് പാത്താടൻ**
ഡയറക്ടർ

---

## മാതൃസംഘം

1 **മദർ തെരേസ അനുസ്മരണം :** 2016 ആഗസ്റ്റ് 31ന് 5 മണിക്ക് ചൗക്ക ലൂർദ്ദ് മാത പള്ളിയിൽ രൂപത മാതൃസംഘത്തിന്റെ ആഭിമുഖ്യത്തിൽ പള്ളി വികാരി ഫാ. ജോണി മേനാച്ചേരിയുടെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലിയും, നൊവേനയും, ആരാധനയും, പ്രദക്ഷിണവും, സ്നേഹവിരുന്നും നടന്നു. അതിനോടനുബന്ധിച്ച് രൂപതയിലെ എല്ലാ ഫൊറോനകളിലും സെപ്തംബർ 4-ാം തിയ്യതി മദർ തെരേസ അനുസ്മരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

2 **ഫൊറോന സംഗമം :** സെപ്തംബർ 17ന് 3-ാം ശനിയാഴ്ച 1.30ന് പാദുവാനഗർ സെന്റ് ആന്റണീസ് പള്ളിയിൽവച്ച് രൂപത മാതൃസംഗമം നടന്നു. ഇരിങ്ങാലക്കുട കത്തീഡ്രൽ പള്ളി വികാരി ജോയി കടമ്പാട്ടച്ചൻ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. പള്ളി വികാരി ഫാ. സെബി കൊളങ്ങര അനുഗ്രഹപ്രഭാഷണം നടത്തി. ഫാ. ജിനോ പുനമറ്റം അമ്മമാർക്കുവേണ്ടി ക്ലാസ്സ് നയിക്കുകയും ചെയ്തു.

3 ഒക്ടോബർ 15ന് 3-ാം ശനിയാഴ്ച 1.30ന് പറപ്പൂക്കര ഫൊറോന യിലെ ആനന്ദപുരം സെന്റ് മേരീസ് പള്ളിയിൽ രൂപത മാതൃ സംഗമം നടത്തപ്പെടുന്നു.

4 **ഏകസംഗമം :** ഒക്ടോബർ മാസത്തിൽ മാതൃവേദിയുടെ നേതൃത്വത്തിൽ ഓരോ ഇടവകയിലും കഴിയുന്ന 30 വയസ്സിനു മുകളിലുള്ള ഏകസ്ഥരെ അതാത് ഫൊറോനകളിൽ ഒരുമിച്ച് മാതൃവേദി ഡയറക്ടർ വിൽസനച്ചൻ അവർക്കുവേണ്ടി ക്ലാസ്സ് എടുക്കുകയും ഒരു ഇടവകയിൽനിന്ന് ഒരാൾക്ക് മാസം 500 രൂപ വച്ച് 12 മാസം നൽകുവാനും തീരുമാനിച്ചു.

**ഫാ. വിൽസൻ എലുവത്തിങ്കൽ കൂനൻ**
ഡയറക്ടർ

## നവചൈതന്യ

**ഇരിങ്ങാലക്കുട രൂപത മദ്യവിരുദ്ധസമിതി യോഗം**

നിലവിലുള്ള മദ്യനയത്തിൽ മാറ്റം വരുത്തി മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കാനുള്ള എല്ലാ നീക്കങ്ങളും സർക്കാർ ഉപേക്ഷിക്കണമെന്ന് രൂപതാ മദ്യവിരുദ്ധസമിതി എക്സിക്യൂട്ടീവ് യോഗം ആവശ്യപ്പെട്ടു. നക്ഷത്ര ബാറുകൾക്ക് ലൈസൻസ് കൊടുക്കുന്നതും ഓൺലൈൻ മദ്യവ്യാപാരം ആരംഭിക്കുന്നതും ഹൈക്കോടതി വിധിയുണ്ടായിരുന്നിട്ടും ബിവറേജ് ഷോപ്പുകൾ ദേശീയ പാതയോരത്തുനിന്നും മാറ്റാതിരിക്കുന്നതും മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കാൻ ഇടയാക്കുമെന്നും അപകടങ്ങൾ വർദ്ധിപ്പിക്കുമെന്നും യോഗം വിലയിരുത്തി. മദ്യക്കച്ചവടക്കാരുടെ പക്ഷത്തുനിന്നകൊണ്ടല്ല, ജനനന്മയ്ക്കു വേണ്ടിയാണ് സർക്കാർ നിലകൊള്ളേണ്ടത്. മദ്യലഭ്യത വർദ്ധിപ്പിക്കാനുള്ള സർക്കാരിന്റെ പ്രസ്താവനകളിൽ ഈ യോഗം പ്രതിഷേധം രേഖപ്പെടുത്തി.

**ഇരിങ്ങാലക്കുട രൂപത മദ്യവിരുദ്ധ സമിതിയുടെ പുതിയ ഭാരവാഹികൾ**

ഡയറക്ടർ : റവ. ഫാ. പോളി കണ്ണൂക്കാടൻ
പ്രസിഡന്റ് : സേവ്യർ പള്ളിപ്പാടൻ
സെക്രട്ടറി : കെ.പി. ദേവസ്സിക്കുട്ടി
ട്രഷറർ : ഷിബു കാച്ചപ്പിള്ളി
വൈസ് പ്രസിഡന്റ് : അന്തോണി തണ്ടിയേക്കൽ
ജോ. സെക്രട്ടറി : അന്തോണിക്കുട്ടി
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി
സംസ്ഥാന പ്രതിനിനിധി : അഡ്വ. സുനിൽ ജോസ്
ആനിമേറ്റർ : കെ.എഫ്. ബാബു
പി.ആർ.ഒ. : ജോൺസൺ പി. ജോസ് & ഡോ. മോൺസി വിൻസന്റ്

**ഒക്ടോബർ 2016**

1 NARF മീറ്റിങ്ങ്
2 ഫോളോ അപ്പ് - ആദ്യ ഞായർ കൂട്ടായ്മ
3 പ്രാർത്ഥനാദിനം & സ്റ്റാഫ് മീറ്റിങ്ങ്
8-15 ലഹരിവിമോചന പരിശീലന ക്യാമ്പ്
9 ജാഗരണ പ്രാർത്ഥന
10 റിസോഴ്സ് ടീം മീറ്റിങ്ങ്
15 ലീഡേഴ്സ് & ആനിമേറ്റേഴ്സ് മീറ്റിങ്ങ്
24,25,26 ഫീൽഡ് വിസിറ്റ്
27 ഔട്ട് റീച്ച് പ്രോഗ്രാം
28, 29 സ്ത്രീകളുടെ ക്യാമ്പ്

**ഫാ. പോളി കണ്ണൂക്കാടൻ**
ഡയറക്ടർ

## സാൻജോസദൻ

**ഇന്നലെകൾ**

ആഗസ്റ്റ് മാസത്തിൽ 24 പേർ ചികിത്സ സ്വീകരിച്ച് ലഹരി വിമുക്ത ജീവിതം നയിക്കുന്നു. 21.08.16ൽ നടന്ന എ.എ. + അൽ അനോൺ മീറ്റിങ്ങിൽ 134ഉം അൽ അനോൺ മീറ്റിങ്ങിൽ 35ഉം പേർ പങ്കെടുത്തു. ബഹു. ജോസഫ് ഗോപുരം അച്ചൻ ദിവ്യബലിയർപ്പിച്ച് വചന സന്ദേശം നൽകി. അൽ അനോൺ മീറ്റിങ്ങിൽ 42 പേർ പങ്കെടുത്തു. ദിവ്യബലിക്കുശേഷം വാർഷികം ആഘോഷിച്ചവരെ മെഡൽ നൽകി ആദരിച്ചു. ഇടവേളയ്ക്കുശേഷം ബഹു. ജോസ് കാഞ്ഞിരത്തിങ്കൽ Nest programme Co-ordinator ക്ലാസ്സ് നയിച്ചു. സ്നേഹവിരുന്നിനുശേഷം എല്ലാവരും തിരിച്ച് പോയി.

17.08.16ൽ ബഹു. പോളി കണ്ണൂക്കാടൻ പിതാവ് ദിവ്യബലി അർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു.

**ഒക്ടോബർ - നാളെകൾ**

4 : ക്ലീനിക്കൽ മീറ്റിങ്ങ്
5 : ചികിത്സയിലിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിങ്ങ്
7 : സ്റ്റാഫ് മീറ്റിങ്ങ്
16 : എ.എ.+അൽ അനോൺ മീറ്റിങ്ങ്
19 : ചികിത്സയിലിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിങ്ങ്
21 : സാൻജോ പ്രാർത്ഥനാദിനം
25 : ക്ലീനിക്കൽ മീറ്റിങ്ങ്

**ഫാ. ജോസഫ് ഗോപുരം**
ഡയറക്ടർ

**സെന്റ് ജെയിംസ് റീനൽ കെയർ മിഷനിലേക്ക് 2016 ജൂലൈ മാസം സംഭാവന നൽകിയവരുടെ ലിസ്റ്റ്**

| | | |
|---|---|---|
| 1 | ടെസ്സി കെ. പി., W/O പി. എസ്. ജോസഫ് പാറമേൽ ഹൗസ്, കൊരട്ടി | 1,000 |
| 2 | മെഡിക്ക് ബയോളജിക്കൽസ് പ്ര. ലി. | 1,200 |
| 3 | കെ. കെ. തോമസ്, കല്ലേലിൽ ഹൗസ്, തുമ്പാക്കോട് | 5,000 |
| | **ആകെ** | **7,200** |

**ഫാ. വർഗ്ഗീസ് പാത്താടൻ**
ഡയറക്ടർ

## കെ.സി.എസ്.എൽ

1 ഇരിങ്ങാലക്കുട രൂപതയിലെ കെ.സി.എസ്.എൽ. സംഘടനയുടെ ശാഖാതല പ്രവർത്തനം ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ളവർ കോൺവെന്റ് ഹൈസ്ക്കൂളിൽവച്ച് ഡയറക്ടർ റവ. ഫാ. ഷാജു ചിറയത്ത് ഉദ്ഘാടനം ചെയ്യുകയും സമർപ്പണ ബലിയർപ്പിക്കുകയും ചെയ്തു. ബലിയർപ്പണമദ്ധ്യേ ലഭിച്ച തുക കാരുണ്യവർഷ പ്രവർത്തനങ്ങളുടെ ഭാഗമായി നാഷണൽ സ്കൂളിലെ ഒരു വിദ്യാർത്ഥിനിയുടെ കരൾമാറ്റ ശസ്ത്രക്രിയക്കായി നൽകി.

2 2016-17 വർഷത്തെ കെ.സി.എസ്.എൽ. നേതൃത്വപരിശീലന ക്യാമ്പ് സെപ്തംബർ 11, 12, 13 തിയ്യതികളിൽ മുപ്ലിയം വിമൽജ്യോതി സെൻട്രൽ സ്കൂളിൽവച്ച് നടത്തി. 23 സ്കൂളുകളിൽ നിന്നുമായി 223 കുട്ടികൾ പങ്കെടുത്തു. ഈ വിദ്യാലയത്തിലെ കുട്ടികൾ അവതരിപ്പിച്ച മനോഹരമായ രംഗപൂജയോടുകൂടി ക്യാമ്പിന് ആരംഭം കുറിച്ചു. ഡയറക്ടർ റവ. ഫാ. ഷാജു ചിറയത്ത് ഏവർക്കും സ്വാഗതം ആശംസിച്ചു. രൂപത പ്രസിഡന്റ് അധ്യക്ഷത വഹിച്ച സമ്മേളനം ആരാധനാ സന്യാസിനീ സമൂഹത്തിന്റെ പ്രൊവിൻഷ്യൽ കൗൺസിലർ റവ. സി. സെലിൻ ഉദ്ഘാടനം ചെയ്തു. വിമൽജ്യോതി സ്കൂൾ പ്രിൻസിപ്പൽ റവ. സി. ആനി ഗ്രേയ്സ്, റവ. ഫാ. ഡേവിസ് തോട്ടാപ്പിള്ളി എന്നിവർ ആശംസകളർപ്പിച്ചു. ശ്രീ. വർഗ്ഗീസ് പോൾ, ശ്രീ. മംഗളദാസ് എന്നിവർ ഈ ദിനങ്ങളിൽ ക്ലാസ്സുകൾ നയിച്ചു. രണ്ടാംദിനം അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവ് കെ.സി.എസ്.എൽ. മക്കളോടൊപ്പം വി. ബലിയർപ്പിച്ച് ജീവിതത്തെ പ്രചോദിപ്പിക്കും വിധം സന്ദേശം നൽകി. ക്യാമ്പിന്റെ ഭാഗമായ ക്യാമ്പ് ഫയറിൽ കുട്ടികൾ വളരെ ഉല്ലാസത്തോടെ പങ്കെടുത്തു. മൂന്നാംദിനത്തിൽ കുട്ടികളൊരുമിച്ച് ഉല്ലാസയാത്ര നടത്തി. ക്യാമ്പിന്റെ അവസാനത്തിൽ 2016-17 വർഷത്തിലേക്കുള്ള വിദ്യാർത്ഥി ഭാരവാഹികളെ തിരഞ്ഞെടുത്തു.

ചെയർപേഴ്സൺ : കുമാരി ആൻസി വി. ജോസ് (എൽ.എഫ്.സി.എച്ച്.എസ്. ഇരിങ്ങാലക്കുട)

ജനറൽ സെക്രട്ടറി: കുമാരി ടാനിയ ജോസ് (സെന്റ് മേരീസ് ജി.എച്ച്.എസ്.എസ്. കുഴിക്കാട്ടുശ്ശേരി)

3 ഈ വർഷത്തെ സാഹിത്യമത്സരങ്ങൾ ഒക്ടോബർ ഒന്നാം തിയ്യതി ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ളവർ ഹൈസ്കൂളിൽവച്ച് നടക്കുന്നു.

**ഫാ. ഷാജു ചിറയത്ത്**
ഡയറക്ടർ

# സോഷ്യൽ ആക്ഷൻ

**1. ആശാകിരണം കാൻസർ സുരക്ഷായജ്ഞം തൃശൂർ മേഖലാ തല ഉദ്ഘാടനം നടത്തി**

കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ രൂപതകളിലെയും സാമൂഹ്യസേവന പ്രസ്ഥാനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ആശാകിരണം കാൻസർ സുരക്ഷാ യജ്ഞം പദ്ധതിയുടെ ഭാഗമായി തൃശൂർ, ഇരിങ്ങാലക്കുട, പാലക്കാട്, സുൽത്താൻപേട്ട് എന്നീ രൂപതകൾ ഉൾപ്പെടുന്ന തൃശൂർ മേഖലാതല ഉദ്ഘാടനം 2016 സെപ്റ്റംബർ 16-ന് 1.30-ന് തൃശൂർ ഡോളേഴ്സ് ബസലിക്ക പാരീഷ് ഹാളിൽ സംസ്ഥാന കൃഷിവകുപ്പ് മന്ത്രി ശ്രീ. വി.എസ്. സുനിൽകുമാർ ഉദ്ഘാടനംചെയ്തു. തൃശൂർ ആർച്ച്ബിഷപ് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അധ്യക്ഷതവഹിച്ചു. അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് അനുഗ്രഹപ്രഭാഷണവും കാരിത്താസ് ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ഫെഡറിക് ഡിസൂസ മുഖ്യപ്രഭാഷണവും അസി. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. പോൾ മൂഞ്ഞേലി ആമുഖ പ്രഭാഷണവും നടത്തി.

**2. ഓണാഘോഷം നടത്തി**

സെപ്റ്റംബർ 08-ന് സോഷ്യൽ ഫോറം & സോഷ്യൽ ആക്ഷൻ ഫോറത്തിലും, 09-ന് കൊടുങ്ങല്ലൂർ സാന്തോം സ്പെഷ്യൽ സ്കൂളിലും കൊറ്റനെല്ലൂർ ആശാനിലയം സ്പെഷ്യൽ സ്കൂളിലും, 13-ന് അഷ്ടമിച്ചിറ സാൻജോ ട്രെയിനിംഗ് ആൻഡ് പ്രൊഡക്ഷ ഷൻ സെന്ററിലും ഓണാഘോഷം നടത്തി. കൊറ്റനെല്ലൂർ ആശാനിലയത്തിൽ മാള എ.ഇ.ഒ. ശ്രീ. സി.കെ.രാജൻ മാസ്റ്റർ ഉദ്ഘാടനംചെയ്തു. സോഷ്യൽ ആക്ഷൻ ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജോസ് മഞ്ഞളി അധ്യക്ഷത വഹിച്ചു. കൊറ്റനെല്ലൂർ ഇടവക വികാരി ഫാ. പോൾ ചെറുവത്തൂർ, അസോസിയേറ്റ് ഡയറക്ടർ ഫാ. തോമസ് നട്ടേക്കാടൻ എന്നിവർ സമ്മാനദാനം നടത്തി. സിസ്റ്റർ ത്രേസ്യാമ്മ മഠത്തിപ്പുറത്ത് SNDS നന്ദി യർപ്പിച്ചു. വിദ്യാർത്ഥികളുടെ പൂക്കളവും മഹാബലിക്ക് വരവേൽപ്പും തുടർന്ന് ഗ്രൂപ്പ് ഡാൻസ്, തിരുവാതിരക്കളി, ഓണക്കാഴ്ചകൾ, വള്ളംകളി തുടങ്ങിയ കലാപരിപാടികൾക്കുശേഷം മാതാപിതാക്കൾക്കൊപ്പം വിഭവസമൃദ്ധമായ ഓണസദ്യയും നൽകി.

കൊടുങ്ങല്ലൂർ സാന്തോം സ്പെഷ്യൽ സ്കൂളിൽ ഓണാഘോഷം കൊടുങ്ങല്ലൂർ എ.ഇ.ഒ. ശ്രീമതി വി.പി.സാംബവി ടീച്ചർ ഉദ്ഘാടനംചെയ്തു. അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ബിനോയ് കോഴിപ്പാട്ട് അധ്യക്ഷത വഹിച്ചു. വിദ്യാർത്ഥിനീ വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളും തുടർന്ന് മാതാപിതാക്കളോടൊപ്പം ഓണസദ്യയും ഉണ്ടായിരുന്നു. അഷ്ടമിച്ചിറ സാൻജോ ഐ.ടി.സി.യിൽ ഓണാഘോഷം ഡയറക്ടർ ഫാ. ജോസ് മഞ്ഞളി ഉദ്ഘാടനം ചെയ്തു. അസോസിയേറ്റ് ഡയറക്ടർമാരായ ഫാ. ജോൺ പോൾ ഇയനം സ്വാഗതവും ഫാ. തോമസ് നട്ടേക്കാടൻ ആശംസയും അർപ്പിച്ചു. ഓണക്കിറ്റ് വിതരണത്തെത്തുടർന്ന് വിഭവസമൃദ്ധമായ ഓണസദ്യയും ഉണ്ടായിരുന്നു.

**3. മെഡി ക്ലെയിം ഇൻഷ്വറൻസ് പദ്ധതി**

സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ കേന്ദ്രഗവൺമെന്റും യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയും സംയുക്തമായി നടപ്പിലാക്കിവരുന്ന വിവിധ മെഡി ക്ലെയിം ഇൻഷ്വറൻസ് പദ്ധതികളായ ജനറൽ ഇൻഷ്വറൻസ് പദ്ധതി, യൂണിസാന്ത്വന ഇൻഷ്വറൻസ്, ഫാമിലി മെഡികെയർ പോളിസി എന്നീ പോളിസികൾ നിലിവിലുള്ളവർക്ക് പുതുക്കുവാനും പുതിയവർക്ക് ചേരുവാനും പ്രാദേശിക ഇടവക സോഷ്യൽ ആക്ഷൻ യൂണിറ്റ് വഴിയും സോഷ്യൽ ആക്ഷൻ ഫോറം ഓഫീസ് വഴിയും 2016 നവംബർ 21 മുതൽ ഡിസംബർ 21 വരെ സാധ്യമാകും. കൂടുതൽ വിവരങ്ങൾക്ക് നവംബർ ഒന്നു മുതൽ സോഷ്യൽ ആക്ഷൻ ഇടവക കോ-ഓർഡിനേറ്റർമാരെയോ ഇരിങ്ങാലക്കുട സോഷ്യൽ ആക്ഷൻ ഓഫീസിലോ (ഫോൺ: 0480-2826990) ബന്ധപ്പെടേണ്ടതാണ്.

**4. നാഷണൽ ട്രസ്റ്റുമായുള്ള രജിസ്ട്രേഷൻ പുതുക്കൽ**

സോഷ്യൽ ആക്ഷൻ ഫോറത്തിന്റെ നാഷണൽ ട്രസ്റ്റുമായുള്ള രജിസ്ട്രേഷൻ പുതുക്കുവാനുള്ള അപേക്ഷ ഓൺലൈനിൽ സമർപ്പിച്ചു.

**5. സേവ് എ ഫാമിലി പദ്ധതി**

* 9 സെൻട്രൽ മീറ്റിംഗുകൾ 9 ഇടവകകളിലായി നടത്തി.
* തിരഞ്ഞെടുത്ത 92 ഗുണഭോക്താക്കളുടെ ഭവന സന്ദർശനം നടത്തി.

**ഫാ. ജോസ് മഞ്ഞളി**
എക്സിക്യൂട്ടിവ് ഡയറക്ടർ

## ഫ്രാൻസിസ്കൻ അസ്സോസിയേഷൻ

ഫ്രാൻസിസ്കൻ ജീവിതത്തിന്റെ നാനാതരത്തിലുള്ള വളർച്ചക്ക് നിദാനമായ യോഗങ്ങൾ സമുചിതമാക്കുക എന്ന ലക്ഷ്യത്തോടെ നേതൃത്വപരിശീലന ക്യാമ്പുകൾ താഴെ കാണുന്ന വിധം നടത്താനു ദ്ദേശിക്കുന്നു.

| | | | |
|---|---|---|---|
| 1 | മേലഡൂർ, ഉണ്ണിമിശിഹാ പള്ളി | - | സെപ്തംബർ 15 |
| 2 | ചാലക്കുടി, സെന്റ് മേരീസ് പള്ളി | - | സെപ്തംബർ 21 |
| 3 | കുറ്റിക്കാട്, സെന്റ് സെബാസ്റ്റ്യൻ പള്ളി | - | ഒക്ടോബർ 10 |
| 4 | ഇരിങ്ങാലക്കുട പ്രൊവിഡൻസ് ഹൗസ് (മുനിസിപ്പൽ മൈതാനത്തിന് എതിർവശം) | - | ഒക്ടോബർ 11 |
| 5 | കൊടകര സെന്റ് ജോസഫ് പള്ളി | - | ഒക്ടോബർ 12 |

### കാര്യപരിപാടി

| | | | |
|---|---|---|---|
| 9.00 | രജിസ്ട്രേഷൻ | 01.00 | ഭക്ഷണം |
| 09.30 | ഫ്രാൻസിസ്കൻ പ്രാർത്ഥന | 01.45 | ക്ലാസ്സ് 3 |
| 10.00 | വി. കുർബാന | 02.30 | ഗ്രൂപ്പ് ചർച്ച |
| 11.00 | ഇടവേള | 03.00 | റിപ്പോർട്ടുകളുടെ അവതരണം |
| 11.15 | ക്ലാസ്സ് 1 | 03.30 | സമാപനം |
| 12.00 | ക്ലാസ്സ് 2 | | |

**ക്ലാസ്സുകളുടെ വിഷയം**

1. ഫാ. ഡേവിസ് തോട്ടാപ്പിള്ളി കപ്പൂച്ചിൻ : എസ്.എഫ്.ഒ.യുടെ നാലു സവിശേഷതകൾ
2 സി. ഫ്ളോറൻസ് FCC : ഭാരവാഹികളുടെ ഉത്തര വാദിത്വങ്ങൾ
3 ഫാ. ജോസ് പോന്നോർ കപ്പൂച്ചിൻ : റെക്കോർഡുകളും, രേഖകളും

**നിർദ്ദേശങ്ങൾ**

1 ഫ്രട്ടേണിറ്റികളുടെയും ഫൊറോനകളുടെയും ഭാരവാഹികളെല്ലാവരും (കൗൺസിൽ അംഗങ്ങളടക്കം) ഈ അഞ്ചു കേന്ദ്രങ്ങളിൽ ഏതിലെങ്കിലും ഒന്നിൽ നിർബന്ധമായും പങ്കെടുത്തിരിക്കണം.
2 സംബന്ധിക്കാൻ വരുന്നവർ ജീവിതക്രമവും, നോട്ടുപുസ്തക വും, പേനയും കരുതേണ്ടതാണ്.
3 ഫ്രാൻസിസ്കൻ ഭക്തവസ്തുക്കളും രേഖകളും, റെക്കോർഡുകളും വാങ്ങാനുള്ള സൗകര്യമുണ്ടായിരിക്കുന്നതാണ്.
4 ചെലവുകൾക്കുവേണ്ടി സ്തോത്രക്കാഴ്ച സ്വീകരിക്കുന്നതായിരിക്കും

**ഫാ. ജോസ് പോന്നോർ**
ഡയറക്ടർ

# അവാർഡ്

1. **World Elders Day Celebration:-** അവാർഡിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്ന ദേശം വികസന സംഘടനകൾ (DDS) അവരുടെ ഉപസംഘടനയായ വയോജന ക്ലബ്ബികളിൽ വയോജന ദിനം വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു.
2. **ഗുരുവന്ദനം :-** "നാടിന്റെ വികസനം ഗ്രാമങ്ങളിലൂടെ" എന്ന് ഉദ്ധരിച്ച രാഷ്ട്രപിതാവിന്റെ ജന്മദിനത്തിൽ അവാർഡ് ഗുരുവന്ദനം നടത്തുന്നു.
3. **ഗാന്ധി ജയന്തി :** അവാർഡിന്റെ ദേശം വികസന സംഘടനകളിലെ ഉപസംഘടനകൾ സംയുക്തമായി DDS കളിൽവെച്ച് ഗാന്ധി ജയന്തി ആഘോഷവും, സേവനദിനവും വിപുലമായി കൊണ്ടാടുന്നു.
4. **World Mental HealthDay Celebration:** അവാർഡിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്ന SARGA, LD, SLF, Physio & Speech Therapy അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ലോകമാനസികാരോഗ്യദിനം അവാർഡിൽ ആചരിക്കുന്നു.
5. **World Food Day & Anti Poverty Day Celebration :** ജനകീയാവബോധത്തോടും ക്രിയാത്മക പങ്കാളിത്തത്തോടും കൂടെ മനുഷ്യരുടെ അടിസ്ഥാനാവശ്യങ്ങളിലൊന്നായ ഭക്ഷ്യ സുരക്ഷയും ദാരിദ്രനിർമ്മാർജ്ജനവും കൈവരുത്തുക എന്ന ലക്ഷ്യത്തോടെ വേലൂപ്പാടം ഐശ്വര്യ ഗ്രാമവികസന സൊസൈറ്റിയിൽ വെച്ച് ബോധവൽക്കരണ ക്യാമ്പെയിൻ സംഘടിപ്പിച്ചിരിക്കുന്നു.
6. **HAS Item Distribution :-** അവാർഡിൽ നടപ്പിലാക്കിവരുന്ന 15-ാമത് ഗൃഹോപകരണ പദ്ധതിയിലെ വിവിധയിനം ഗ്രഹോപകരണങ്ങൾ വിതരണം ചെയ്യുന്നു.
7. **Health Insurance Scheme - LIC, New India Assurance Company** എന്നിവരുടെ സഹകരണത്തോടെ (Universal Health Insurance Students Safety Policy, Road Safety, Vehicle Insurance, Medi Claim & Flotter Mediclaim Policy, Group Mediclaim, Asha Kiran Policy..) തുടങ്ങിയ വിവിധതരം ഇൻഷ്വറൻസ് പരിരക്ഷാപദ്ധതികൾ അവാർഡ് നടപ്പിലാക്കുന്നു.
8. **Giltter Child Care:** - പഠന വൈകല്യങ്ങളും പഠന പിന്നോക്കാവസ്ഥകളും ഉള്ള വിദ്യാർത്ഥികൾക്ക് വിദഗ്ദരുടെ സാങ്കേതികതയോടെ സ്പെഷ്യൽ ക്ലാസ്സുകൾ അവാർഡിൽ നടത്തുന്നു.

9 **Mobile-Physio Therapy :-** അവാർഡിന്റെ വികലാംഗ പുനരധിവാസ പദ്ധതിയിലെ 18 വയസ്സിന് താഴെ പ്രായമുള്ള പരിഗണനാർഹരായ CP കുട്ടികൾക്ക് നിബന്ധനകൾക്ക് വിധേയമായി അവരുടെ വീടുകളിൽ പോയി തെറാപ്പി ചെയ്തു കൊടുക്കുന്നു.

10. **വികാംലാംഗപുനരധിവാസപദ്ധതി:-** സമൂഹത്തിന്റെ പ്രത്യേക പരിഗണനന ലഭിക്കേണ്ട ജനവിഭാഗമായ ഭിന്നശേഷിയുള്ള 25 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ-ചികത്സാ സഹായവും സ്പീച്ച്-ഫിസിയോതെറാപ്പിയും അവാർഡിൽ ലഭ്യമാക്കുന്നു.

11. **Service Providing Centre :-** കുടുംബ പ്രശനങ്ങളുമായി വലയുന്നവർക്ക് ലീഗൽ അഡ്വൈസറുടെ സൗജന്യ സേവനം തിങ്കൾ-ബുധൻ-വെള്ളി ദിവസങ്ങളിൽ അവാർഡിൽ ലഭ്യമാക്കുന്നു.

12. **SARGA Formation & Awareness Programme :** അവാർഡിന്റെ നേതൃത്വത്തിൽ കൊടകര ഗ്രാമപഞ്ചായത്തിലെ കനകമല ഗ്രാമമന്ദിരത്തിൽ വെച്ച് ക്രൈസ്റ്റ് യൂണിവേഴ്സിറ്റി ബാംഗ്ലൂർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, പയ്യന്നൂർ എന്നിവിടങ്ങളിൽ നിന്നുള്ള 4 സോഷ്യൽ വർക്ക്സ് വിദ്യാർത്ഥികൾ സംഘടിപ്പിച്ച സമൂഹത്തിലെ പ്രത്യേകപരിഗണനാർഹ വിഭാഗക്കാരുടെ സ്പെഷ്യൽ ഗണമായി SARGA രൂപീകരിച്ചു. വാർഡ് മെമ്പർ ശ്രീ. ജോയ് നെല്ലിശ്ശേരി അദ്ധ്യക്ഷത വഹിച്ച യോഗം ബ്ലോക്ക് മെമ്പർ ശ്രീ. വി.വി. ജെസ്റ്റിൻ ഉദ്ഘാടനം ചെയ്യുകയും, അവാർഡ് സെക്രട്ടറി കം ട്രഷറർ ഫാ. എബിൻ പയ്യപ്പിള്ളി ആമുഖ പ്രഭാഷണം നടത്തുകയും ചെയ്തു. അവാർഡ് അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ലാലമ്മ ഒ.പി. ഭിന്നശേഷിയുള്ളവരെ പ്രത്യേക പരിചരിക്കൽ ആസ്പദമാക്കി ക്ലാസ്സ് നയിച്ചു.

13. **SARGA Formation & Awareness Programme :** അവാർഡിന്റെ നേതൃത്വത്തിൽ ആളൂർ ഗ്രാമപഞ്ചായത്തിലെ തുരുത്തിപറമ്പിൽ ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളേജ് സോഷ്യൽ വർക്ക്സ് വിദ്യാർത്ഥികൾ ഭിന്നശേഷിയുള്ളവരുടെ പ്രത്യേക കൂട്ടായ്മ - SARGA രൂപീകരിച്ചു.

14. **Workshop on Conceptualising & Executing Project :** ഡൽഹിയിലെ National Institute of Public Cooperation and Child Development നടപ്പിലാക്കിയ പഞ്ചദിന വർക്ക്ഷോപ്പിൽ അവാർഡിന്റെ അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ലാലമ്മ ഒ.പി പങ്കെടുത്തു.

**ഫാ. ജോസ് റാഫി അമ്പൂക്കൻ**
എക്സി. ഡയറക്ടർ

# ചെന്നൈമിഷൻ

1 **പൊഴിച്ചെല്ലൂർ സെന്റ് അൽഫോൻസ പള്ളിയിൽ തിരുനാൾ സമംഗളം കൊണ്ടാടി** : പല്ലാവരം - പൊഴിച്ചെല്ലൂർ സെന്റ് അൽ ഫോൻസ സീറോ മലബാർ ദേവാലയത്തിൽ ഇടവക മദ്ധ്യ സ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാൾ 31-ാം തിയ്യതി ഞായറാഴ്ച്ച ഭക്തിനിർഭരമായി കൊണ്ടാടി. തിരുനാളിനൊരുക്ക മായി 22-ാം തിയ്യതി വെള്ളിയാഴ്ച്ച് 6.45 ന് കീൽകട്ട്ളൈ പള്ളി വികാരി റവ. ഫാ.ജോസ് പുല്ലുപറമ്പിൽ കൊടിയുയർത്തുകയും 22-ാം തിയ്യതി മുതൽ 30-ാം തിയ്യതി വരെ നവനാൾ കുർബ്ബാ നയും മറ്റ് തിരുക്കർമ്മങ്ങളും ചെന്നൈ മിഷനിലെ വിവിധ വൈ ദീകരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. 31-ാം തിയ്യതി ഞായറാ ഴ്ച്ച തിരുനാൾ ദിനത്തിൽ ഉച്ചതിരിഞ്ഞ് നാല് മണിക്ക് ആഘോ ഷമായ വി.കുർബ്ബാനയും തുടർന്ന് പ്രദക്ഷിണവും സ്നേഹവി രുന്നും വെടിക്കെട്ടും നടത്തപ്പെട്ടു.

2 **വേളാച്ചേരി വി. മദർ തെരേസ പള്ളിയിൽ തിരുനാൾ സമംഗളം കൊണ്ടാടി :** വാ. മദർ തെരേസയെ വിശുദ്ധയായി പ്രഖ്യാപിച്ച അനുഗ്രഹീതമായ സെപ്തംബർ 4-ാം തിയ്യതി, വി. മദർ തെരേസ യുടെ നാമധേയത്തിൽ സ്ഥാപിതമായ ചെന്നൈമിഷനിലെ ആദ്യ ദേവാലയമായി വേളാച്ചേരി. മദർ തെരേസ ദേവാലയത്തിന്റെ 10-ാമത് തിരുനാൾ സാഘോഷം കൊണ്ടാടി. 2-ാം തിയ്യതി വെള്ളിയാഴ്ച ഇടവക വികാരി ഫാ. വിൽസൻ പെരേപ്പാടൻ തിരുനാൾ കൊടിയുയർത്തി. അന്നേദിവസം റവ. ഫാ. സെബിൻ എടാട്ടുകാരൻ വി. ബലിയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. സെപ്തം. 3-ാം തിയ്യതി വൈകുന്നേരം 5 മണിക്ക് മോൺ. ഡോ. ജോസ് ഇരിമ്പനച്ചന്റെ മുഖ്യകാർമ്മികത്വ ത്തിലും, ബഹു. നിജോ പള്ളായിയച്ചൻ, റവ. ഫാ. സെബിൻ എടാട്ടുകാരൻ, വികാരി റവ. ഫാ. വിൽസൻ പെരേപ്പാടൻ സഹകാർമ്മികരായ ആഘോഷമായ ദിവ്യബലി അർപ്പിച്ചു. കൂദാശകളുടെ കൂദാശയായ പരി. കുർബാനമദ്ധ്യേ ഇടവകയിലെ 4 കുട്ടികൾ സ്ഥൈര്യലേപനവും, ആദ്യകുർബാനയും സ്വീകരി ക്കുവാൻ ഇടയായത് വലിയ ഒരു അനുഗ്രഹമായിരുന്നു. ഇടവക സ്ഥാപിതമായതിന്റെ 10-ാം വർഷത്തിലെ തിരുനാൾ ദിനത്തിൽ തന്നെ മദർ തെരേസയെ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടതും, തിരുനാൾ കുർബാനയ്ക്ക് മുഖ്യകാർമ്മികനായി മോൺ. ജോസ്

ഡി. ഇരിമ്പനച്ചന്റെയും 9 സഹകാർമ്മികരുടെയും സാന്നിധ്യം തിരുനാൾ കുർബാനയുടെ മാറ്റ് കൂട്ടി.

3 കീൽക്കട്ടളൈ മേഖലയിലെ മതാദ്ധ്യാപകരുടെ സെമിനാർ ജൂൺ 26 ഞായറാഴ്ച കീൽകട്ട്ളൈ സേക്രഡ് ഹാർട്ട് ദൈവാലയത്തിൽ വെച്ച് ഉച്ചതിരിഞ്ഞ് 2 മുതൽ 4.30 വരെ നടത്തപ്പെട്ടു. റവ. ഫാ. വർഗ്ഗീസ് പാറേക്കാട്ടിൽ VC മതബോധനത്തെക്കുറിച്ചും മതാധ്യാപകരുടെ പ്രാധാന്യത്തെക്കുറിച്ചും ക്ലാസ്സ് നയിച്ചു. മിഷൻ കോ-ഓർഡിനേറ്റർ മോൺ. ജോസ് ഇരിമ്പൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. ഫാ. സിന്റോ ആലപ്പാട്ടും, ഫാ. ഡിന്റോ പ്ലാക്കലും സന്നിഹിതരായിരുന്നു. 7 പള്ളികളിൽനിന്നുമായി 60ഓളം പേർ സെമിനാറിൽ പങ്കെടുത്തു.

4 **ബൈബിൾ കലോത്സവം 2016 :** ചെന്നൈ സീറോമലബാർ കത്തോലിക്കാ സഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ദേവാലയങ്ങളിലെ സൺഡേസ്കൂൾ കുട്ടികൾക്കായി ബൈബിൾ കലോത്സവം ഒക്ടോബർ 9, 29 തിയ്യതികളിൽ നടത്തുന്നു. രചനാമത്സരങ്ങൾ ഒക്ടോ. 9-ാം തിയ്യതി ഉച്ചയ്ക്ക് 2 മണിക്കും കലാമത്സരങ്ങൾ ഒക്ടോ. 29-ാം തിയ്യതിയും നടത്തപ്പെടും. രചനാമത്സരങ്ങളിൽ പെൻസിൽ ഡ്രോയിങ്ങ്, ചെറുകഥ, കവിതാരചന, ഉപന്യാസം, ബൈബിൾ വചനമത്സരം എന്നിവയും, കലാമത്സരങ്ങളിൽ പ്രച്ഛന്നവേഷം, ലളിതഗാനം, നിമിഷപ്രസംഗം, നാടോടിനൃത്തം, ശാസ്ത്രീയനൃത്തം, സംഘഗാനം, സംഘനൃത്തം, മൈമ്, മാർഗ്ഗംകളി എന്നീ മത്സരങ്ങളും 5, 8, 11, 14, 18 വയസ്സ് വിഭാഗങ്ങൾക്കായി നടത്തപ്പെടും.

**മോൺ. ജോസ് ഇരിമ്പൻ**
കോ-ഓർഡിനേറ്റർ

---

## പാക്സ്

| | | |
|---|---|---|
| October 10, 11, 12 | - | Pre Cana |
| " 16 | - | Catholic Couples Movement (2pm to 5.30pm) |
| " 24, 25, 26 | - | Pre Cana |
| Oct-31,Nov | - | 1, 2 - Pre Cana |

**ഫാ. ജോജി കല്ലിങ്ങൽ**
ഡയറക്ടർ



# സ്പിരിച്വാലിറ്റി സെന്റർ

1 **ആരാധന :** തിങ്കൾ മുതൽ ബുധൻ വരെ രാവിലെ 8 മുതൽ വൈകീട്ട് 7.30 വരെയും, വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ വൈകിട്ട് 5 മണി വരെയും ആരാധനയ്ക്ക് എഴുന്നള്ളിച്ച് വയ്ക്കും.

2 **വചനപ്രഘോഷണവും ആന്തരികസൗഖ്യ ആരാധനയും:** എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.30 മുതൽ ഉച്ചതിരിഞ്ഞ് 3 വരെ വചനപ്രഘോഷകർ നയിക്കുന്ന വചനശുശ്രൂഷ, ദിവ്യബലി, കുമ്പസാരം, കൗൺസിലിങ്ങ്, ആന്തരികസൗഖ്യ ആരാധന, തൈലാഭിഷേക പ്രാർത്ഥന, ബന്ധനമോചന ശുശ്രൂഷകൾ എന്നിവ നടത്തുന്നു.

3 **ജപമാല വാരം :** ഒക്ടോബർ 1-ാം തിയ്യതി ശനിയാഴ്ച മുതൽ 10-ാം തിയ്യതി തിങ്കളാഴ്ച വരെ സ്പിരിച്വാലിറ്റി സെന്ററിൽ വൈകിട്ട് 5 മണിയുടെ കുർബാനയോടുകൂടി ആഘോഷമായ ജപമാല ഉണ്ടായിരിക്കുന്നതാണ്.

4 എമ്മാനുവേൽ 2016 ബൈബിൾ കൺവെൻഷൻ ഒക്ടോബർ 5, 6, 7, 8, 9 തിയ്യതികളിൽ ഫാ. സാജു ഇലഞ്ഞിയിൽ & ടീം സെഹിയോൻ ധ്യാനകേന്ദ്രം അട്ടപ്പാടി (ഒക്ടോബർ 5 മുതൽ 8 വരെ) ഈ ദിവസങ്ങളിൽ 8 മണിയുടെ കുർബാന ഉണ്ടായിരിക്കുന്നതല്ല.

5 **അഖണ്ഡജപമാല :** ഒക്ടോബർ 30-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മുതൽ വൈകിട്ട് 5 മണി വരെ.

6 ഓരോ കോൺവെന്റുകൾക്കുംവേണ്ടി ഓരോ ദിവസം പ്രത്യേകം പ്രാർത്ഥിക്കുന്നു.

1 Sehiyon Convent (SABS) Irinjalakuda
3 Jaimatha Convent (SABS) Irinjalakuda
4 Jai Rani Convent (SABS) Kanakamalam
5 Holy Trinity Convent (SABS) Mupliyam
6 St. Joseph Convent (SABS) Thachudaparambu
7 Vimala matha Convent (SABS) Vadachira
8 Assisi Convent, Irinjalakuda
10 Lioba Bhavan, Perambra
11 St. Joseph Convent, Pazhukara
12 St. Francis Xavier Convent, Aloor
13 St. Joseph Convent, Aloor
14 Holy Family Convent, Annamannada

15 Holy Family Convent, Avittathur
17 Holy Family Convent, Chalakudy
18 Holy Family Convent, N. Chalakudy
19 Holy Family Convent, Edakulam
20 Santhi Bhavan, Irinjalakuda
21 ChristhuJyoti Convent, Irirnjalakuda
22 St. Joseph Convent, Irinjalakuda
24 Pavanatma P. House, Kallettumkara
25 Donbosco, Kodakara
26 Holy Family Convent, Kodunga
27 Holy Family Convent, Kuzhikkattussery
28 St. Joseph Convent, Kuzhikkattussery
29 St. Mary's Convent, Kuzhikkattussery
31 Holy Family Convent, Munipara

**ഫാ. ഷാബു പുത്തൂർ**
വൈസ് റെക്ടർ

## കെ.എൽ.എം.

1 **ജില്ലാസമ്മേളനം :** സ്വതന്ത്ര നിർമ്മാണ തൊഴിലാളി യൂണിയൻ ജില്ലാസമ്മേളനം തൃശ്ശൂർ സെന്റ് തോമസ് കോളേജ് മെഡലിക്കോട്ട് ഹാളിൽവച്ച് 2016 സെപ്തംബർ 18ന് ഉച്ചയ്ക്ക് 2.30ന് ബഹു. കൃഷിമന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു. KLM, SNTU എന്നിവയുടെ സംസ്ഥാന ജില്ലാ നേതാക്കൾ പങ്കെടുക്കുന്നു.

2 **കെ.എൽ.എം. രൂപത തെരഞ്ഞെടുപ്പ് :** കെ.എൽ.എം. രൂപത തെരഞ്ഞെടുപ്പ് 2016 ഡിസംബർ 4-ാം തിയ്യതി ഞായറാഴ്ച ഉച്ചതിരിഞ്ഞ് 2 മണിക്ക് ആളൂർ മാർതോമ സെന്ററിൽവച്ച് നടത്തുന്നു. അതിന് ഒരുക്കമായി യൂണിറ്റ് തലത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്ത് അവരുടെ പേരുകൾ നവംബർ 10-ാം തിയ്യതിക്കു മുമ്പായി വികാരിയച്ചന്റെ സാക്ഷ്യത്തോടുകൂടി കെ.എൽ.എം. രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

3 മറ്റത്തൂർ നിത്യസഹായ മാത ചർച്ചിൽ കെ.എൽ.എം.ന്റെ യൂണിറ്റ് രൂപീകരിച്ചു.

**ഫാ. ആന്റോ കരിപ്പായി**
ഡയറക്ടർ

## ഇടയന്റെ നാളുകൾ

**ഒക്ടോബർ 2016**

| | | |
|---|---|---|
| 1 | 10.30 am | മാള |
| | 3.00 pm | ലിറ്റിൽ ഫ്ളവർ കോൺവെന്റ്, ഇരിങ്ങാലക്കുട |
| 2 | | മദർ തെരേസ അനുസ്മരണം, കൊൽക്കത്ത |
| 3 | 3.00 pm | സഹൃദയ കോളേജ് |
| 4 | | രൂപതാനിയമാവലി ചർച്ച |
| 5 | | രൂപതാനിയമാവലി ചർച്ച |
| 6-നവംബർ 3 | | മോൺ ജോസഫ് സ്രാമ്പിക്കൽ പിതാവിന്റെയും മോൺ. സ്റ്റീഫൻ ചിറപ്പണത്ത് പിതാവിന്റെയും മെത്രാഭിഷേകത്തിനായി വിദേശത്തേക്ക് പോകുന്നു. രൂപതയിൽനിന്ന് വിദേശത്ത് ശുശ്രൂഷ ചെയ്യുന്ന വൈദികരെ സന്ദർശിക്കുകയും ചെയ്യുന്നു. |

## കരിസ്മാറ്റിക് മൂവ്മെന്റ്

**മധ്യസ്ഥ പ്രാർത്ഥനാദിനം :** ഇരിങ്ങാലക്കുട രൂപത കരിസ്മാറ്റിക് കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 3-ാം തിയ്യതി തിങ്കളാഴ്ച രാവിലെ 10 മുതൽ 3 മണി വരെ ആളൂർ ബി.എൽ.എം. ധ്യാന കേന്ദ്രത്തിൽ മധ്യസ്ഥ പ്രാർത്ഥനാദിനമാചരിക്കുന്നു. സോൺ, സബ്സോൺ സർവ്വീസ് ടീം, പ്രാർത്ഥനാ ഗ്രൂപ്പംഗങ്ങൾ എന്നിവർ പങ്കെടുക്കണം.

**അഖണ്ഡ ജപമാല :** ഒക്ടോബർ 15-ാം തിയ്യതി ശനിയാഴ്ച വൈകിട്ട് 4 മണി മുതൽ 16-ാം തിയ്യതി ഞായറാഴ്ച വൈകിട്ട് 4 മണി വരെ അഖണ്ഡ ജപമാല ആളൂർ ബി.എൽ.എം. ധ്യാനകേന്ദ്രത്തിൽ സംഘടിപ്പിക്കുന്നു. ഏവർക്കും സ്വാഗതം.

**ഫാ. നിക്സൻ ചാക്കോര്യ**
ഡയറക്ടർ

## സ്മരണാഞ്ജലി



റവ. ഫാ. എഫ്രേം പുതുശ്ശേരി : 04-10-1980
റവ. ഫാ. അബ്രാഹം കിഴക്കൂടൻ (Sr.): 08-10-1982
റവ. ഫാ. പോൾ പുല്ലോക്കാരൻ : 05-10-1988
റവ. ഫാ. ജോൺ ചാലിശ്ശേരി: 18-10-1999

## ഇടയന്റെ ഇന്നലെകൾ

**സെപ്തംബർ 2016**

| | | |
|---|---|---|
| 1–2 | | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മെത്രാന്മാരുടെ സിനഡിൽ പങ്കെടുത്തു. |
| 03 | 10.00 am | പേരാമ്പ്ര ലിയോബ കോൺവെന്റിൽ വി. ബലിയർപ്പിച്ച് ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിന് ആശംസ കളർപ്പിച്ചു. |
| | 2.00 pm | പുത്തൻചിറ ഈസ്റ്റ് പള്ളിയിൽ സിറിയക് അമ്പൂക്കന ച്ചന്റെ മൃതസംസ്കാരശുശ്രൂഷകളിൽ മുഖ്യകാർമ്മി കത്വം വഹിച്ചു. |
| 4 | 8.00 am | കാൽവരിക്കുന്ന് ഇടവകയിൽ അജപാലനസന്ദർശനം നടത്തി. |
| | 5.00 pm | ഇരിങ്ങാലക്കുട കത്തീഡ്രൽ പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു. |
| 5 | 6.30 am | രൂപതാഭവനത്തിൽ വി. ബലിയർപ്പിച്ചു. |
| | 8.30 am | രൂപതാഭവനത്തിൽ കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. |
| | 12.00 pm | സഹൃദയ കോളേജിൽ സീറോമലബാർ സഭയുടെ അസംബ്ലിയുടെ അവലോകനവും നന്ദിപ്രകടനവും നടത്തി. |
| | 3.00 pm | സഹൃദയ കോളേജിൽ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. |
| 6 | 6.30 am | കല്ലേറ്റുംകര പാക്സിൽ വി. ബലിയർപ്പിച്ചു. |
| | 8.30 am | രൂപതാഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു. |
| 7 | 6.15 am | ആളൂർ ജോൺപോൾ ഭവനിൽ വി. ബലിയർപ്പിച്ചു. |
| | 9.00 am | രൂപതാഭവനത്തിൽ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. |
| | 11.30 am | കൊടകര ഫൊറോന പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു |
| 8 | 8.00 am | പുത്തൻചിറ ഫൊറോന പള്ളിയിൽ മാമ്മോദീസ നിർവ്വഹിച്ചു. |
| | 10.30 am | പുത്തൻചിറ ഈസ്റ്റ് പള്ളിയിൽ സിറിയക് അമ്പൂക്കനച്ച ന്റെ ഏഴാം ചരമദിനത്തിൽ വി. ബലിയർപ്പിച്ചു. |
| | 2.30 pm | ജൂബിലി നഗർ സേവനഗിരി കോൺവെന്റ് ചാപ്പൽ വെഞ്ചിരിച്ചു. |
| 9 | 8.30 am | രൂപതാഭവനത്തിൽ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. |
| | 10.30 am | സെന്റ് ജെയിംസ് ട്രസ്റ്റ് മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. |
| | 3.30 pm | തലൂർ ബഹു. പോൾ കോഴിപ്പാട്ട് CMI അച്ചന്റെ മൃത ദേഹസംസ്കാര ശുശ്രൂഷകളിൽ കാർമ്മികത്വം വഹിച്ചു. |

| | | |
|---|---|---|
| | 7.00 pm | ആളൂർ ബി.എൽ.എം. രൂപത ധ്യാനകേന്ദ്രത്തിൽ വി. ബലിയർപ്പിച്ചു. |
| 10 | 7.15 am | 39-ാം രൂപതാദിനത്തിൽ ഇരിങ്ങാലക്കുട കത്തീഡ്രൽ ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. |
| | 10.00 am | രൂപതാഭവനത്തിൽ പ്രസ്ബിത്തേരിയം പാസ്റ്ററൽ കൗൺസിൽ കൂട്ടായ്മയിൽ അധ്യക്ഷത വഹിച്ചു. |
| | 2.30 pm | കൊടകര സഹൃദയ എം.ബി.എ. കോളേജിന്റെ വെഞ്ചിരിപ്പു കർമ്മം നിർവ്വഹിച്ചു. |
| | 4.30 pm | കുറ്റിക്കാട് സി.എൽ.സി. സംഘടനയുടെ ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് ആശംസകളർപ്പിച്ചു. |
| | 6.00 pm | ആളൂർ തിരുഹൃദയഭവനത്തിൽ നവീകരിച്ച ചാപ്പൽ വെഞ്ചിരിച്ചു. |
| 11 | 8.00 am | താഴൂർ ഇടവകയിൽ അജപാലന സന്ദർശനം നടത്തി. |
| 12 | 6.30 am | ഇരിങ്ങാലക്കുട അൽവേർണിയ കോൺവെന്റിൽ വി. ബലിയർപ്പിച്ചു. |
| | 10.00 am | വിദ്യാജ്യോതിയിൽ അധ്യാപകരുടെ പരിശീലന ക്ലാസ്സ് ഉദ്ഘാടനം ചെയ്തു. |
| | 11.00 am | ഇരിങ്ങാലക്കുട പ്രൊവിഡൻസ് ഹോമിൽ ഓണാഘോഷം ഉദ്ഘാടനം ചെയ്തു. |
| | 6.00 pm | മുപ്ലിയം വിമൽജ്യോതി സ്കൂളിൽ രൂപത കെ.സി.എസ്.എൽ. സംഘടനയുടെ ക്യാമ്പിൽ വി. ബലിയർപ്പിച്ചു. |
| 13 | 6.30 am | തുമ്പൂർ പള്ളിയിൽ മാമ്മോദീസ നൽകി. |
| | 8.30 am | രൂപതാഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു. |
| 14 | 8.30 am | രൂപതാഭവനത്തിൽ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. |
| | 10.00 am | മാപ്രാണം ഹോളിക്രോസ് തീർത്ഥാടന ദൈവാലയത്തിൽ വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ദിനത്തിൽ വി. ബലിയർപ്പിച്ചു. |
| | 3.30 pm | പൊയ്യയിൽ അമ്പൂക്കൻ കുടുംബട്രസ്റ്റ് വാർഷികം ഉദ്ഘാടനം ചെയ്തു. |
| 15 | 11.45 am | പാലക്കൽ പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു. |
| | 6.00 pm | തച്ചുടപ്പറമ്പ് വാലപ്പൻ കുടുംബട്രസ്റ്റ് വാർഷികം ഉദ്ഘാടനം ചെയ്തു. |
| 16 | 6.30 am | കല്ലേറ്റുംകര പാക്സിൽ വി. ബലിയർപ്പിച്ചു. |
| | 10.30 am | രൂപതാ ഭവനത്തിൽ ഫൊറോന വികാരിമാരുടെ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. |

| | | |
|---|---|---|
| | 2.00 pm | തൃശ്ശൂർ പുത്തൻപള്ളിയിൽ ആശാകിരണം, ക്യാൻസർ സുരക്ഷായജ്ഞം ഉദ്ഘാടനം ചെയ്തു. |
| 17 | 10.30 am | ആനന്ദപുരം പള്ളിയിൽ വി. ബലിയർപ്പിച്ചു. |
| | 2.00 pm | രൂപതാഭവനത്തിൽ ക്ലാസ്സ് നയിച്ചു. |
| | 5.00 pm | രൂപതാഭവനത്തിൽ സാമ്പത്തിക സമിതി മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. |
| 18 | 10.30 am | 22-ാം സാൻജോസദൻ വാർഷികം ഉദ്ഘാടനം ചെയ്തു. |
| 19 | 6.30 am | രൂപതാഭവനത്തിൽ വി. ബലിയർപ്പിച്ചു. |
| | 8.30 am | രൂപതാഭവനത്തിൽ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. |
| 20 | 6.30 am | ചാലക്കുടി സെന്റ് ജോസഫ്സ് ഭവനിൽ വി. ബലിയർപ്പിച്ചു. |
| | 9.00 am | രൂപതാഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു. |
| 21 | 6.30 am | കല്ലേറ്റുംകര പാക്സിൽ വി. ബലിയർപ്പിച്ചു. |
| | 9.00 am | തൃശ്ശൂർ KILA Social Centre-ൽ ക്ലാസ്സിൽ പങ്കെടുത്തു. |
| | 4.00 pm | ആളൂർ പ്രസാദവരനാഥ പള്ളിയിൽ 'കാരുണ്യസ്പർശം 2016' ഉദ്ഘാടനം ചെയ്തു. |
| 22 | 6.30 am | രൂപതാഭവനത്തിൽ വി. ബലിയർപ്പിച്ചു. |
| | 4.00 pm | ആളൂർ യൂത്ത് സെന്ററിൽ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. |
| 23 | 6.45 am | ആളൂർ നവചൈതന്യയിൽ വി. ബലിയർപ്പിച്ചു. |
| | 10.00 am | കല്ലേറ്റുംകര പാക്സിൽ വൈദികരുടെ പഞ്ചദിനത്തിൽ സമാപനത്തിൽ പങ്കെടുത്തു. |
| 24 | 10.30 am | ഇരിങ്ങാലക്കുട ഉദയ പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻസ് ഡേയിൽ വി. ബലിയർപ്പിച്ചു. |
| | 5.30 pm | ഗുഡ്ഷെപ്പേർഡ് പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻസ് ഡേയിൽ വി. ബലിയർപ്പിച്ചു. |
| 25 | 8.00 am | തുറവൻകുന്ന് ഇടവകയിൽ അജപാലനസന്ദർശനം നടത്തി. |
| 26 | 6.30 am | പഴൂക്കര പള്ളിയിൽ മാമ്മോദീസ നിർവ്വഹിച്ചു. |
| | 3.30 pm | കടുപ്പശ്ശേരി പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു. |
| 27 | 10.30 am | രൂപതാഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 6.30 pm | പോട്ട വിൻസന്റ് ഡി പോൾ ഹൗസിൽ വി. ബലിയർപ്പിച്ചു |
| 28 | 6.30 am | കുഴിക്കാട്ടുശ്ശേരി പള്ളിയിൽ വി. ബലിയർപ്പിച്ചു. |
| | 3.00 pm | കുഴിക്കാട്ടുകോണം പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു. |
| 29 | 4.00 pm | ചാലക്കുടി സെന്റ് ജെയിംസ് ഹോസ്പിറ്റലിൽ രക്തദാനം ഉദ്ഘാടനം ചെയ്തു. |
| 30 | 10.00 am | കല്ലേറ്റുംകര പാക്സിൽ വൈദികരുടെ പഞ്ചദിനത്തിന്റെ സമാപനത്തിൽ അധ്യക്ഷത വഹിച്ചു. |